റൂളിംഗ്

മി. സ്പീക്കർ: ഇവിടെ ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ചെയർ അത് അനുവദിക്കുകയാണ്. പക്ഷേ അതിനുമുമ്പ് ചെയറിന് ഒരു കാര്യം പറയാനുണ്ട്. സൂര്യനെല്ലി പ്രശ്നവുമായി ബന്ധപ്പെട്ട് ഈ സഭയിൽ 8 ദിവസത്തിനിടയിലായി 3 അടിയന്തരപ്രമേയം വന്നിട്ടുണ്ട്. ഫെബ്രുവരി 04-ാം തീയതി ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 07-ാം തീയതി ശ്രീ. സി. ദിവാകരൻ, 11-ാം തീയതി വീണ്ടും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവർ ഇവിടെ അവതരിപ്പിച്ചു. ഇവിടെ ചട്ടം, കീഴ്വഴക്കം അതൊന്നും പ്രശ്നമല്ലെന്ന് പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞു. ഞാൻ അതിനെക്കുറിച്ചൊന്നും കമന്റ് ചെയ്യുന്നില്ല. ഇതൊന്നും ചട്ടം അനുവദിക്കുന്നതല്ല. ഇന്ന് വന്ന ഈ അടിയന്തരപ്രമേയത്തിന് സമാനമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 6-ാം തീയതി ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. 'സൂര്യനെല്ലിക്കേസിലെ സാക്ഷിയുടെ പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ' എന്നതായിരുന്നു സബ്മിഷന്റെ വിഷയം. ഒരു സമ്മേളന സമയത്ത് ഒരു വിഷയം ചർച്ചയ്ക്ക് വന്നാൽ പിന്നെ ആ സമ്മേളനത്തിൽ അത് അനുവദിക്കാൻ പാടില്ലെന്നുള്ളതാണ് ചട്ടം. എന്റെ മുമ്പിൽ രണ്ട് മുൻ സ്പീക്കർമാർ ഇരിപ്പുണ്ട്. അവരെ സാക്ഷിനിർത്തിയാണ് ഞാൻ ഈ കാര്യം പറയുന്നത്. അങ്ങനെയുള്ള ചട്ടമുണ്ടായിരുന്നിട്ടും ഈ അടിയന്തര പ്രമേയം അനുവദിക്കുന്നത് ആരുടെയും ദൗർബല്യം കൊണ്ടല്ല, സഭ സുഗമമായി നടന്നുപോകണമെന്നുള്ളതുകൊണ്ടാണ്. അതൊരു ദൗർബല്യമായി ആരും എടുക്കരുത്. എന്നുമാത്രമല്ല, ഇവിടെ ഇരിക്കുന്ന ജി. കാർത്തികേയൻ എന്നുപറയുന്ന

സ്പീക്കർ പോകും, വരും. ഇവിടെ പറയുന്നത് ചെയറാണ്. ചെയറിന്റെ റൂളിംഗ് പോലും പ്രകടമായി ചോദ്യം ചെയ്യുകയും വളരെ നിസ്സാരമായെടുക്കുകയും ചെയ്യുന്നത് ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. അത് കേരള നിയമസഭയ്ക്കും കേരളത്തിലെ ജനാധിപത്യത്തിനും ഭൂഷണമല്ലെന്നുള്ളത് വളരെ ദു:ഖപൂർവ്വം ഞാൻ വീണ്ടും അറിയിക്കുന്നു.

## അടിയന്തര പ്രമേയം

### സൂര്യനെല്ലിക്കേസ്

മി. സ്പീക്കർ: സൂര്യനെല്ലിക്കേസിൽ 'ഇര' നൽകിയ പരാതിയിൽ സർക്കാർ ആവശ്യപ്പെട്ട നിയമോപദേശം ലഭിച്ചിരിക്കുകയും കേസിൽ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും പുറത്തുവരികയും സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കാതെ കേസ് നീട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും സ്ഥിതിവിശേഷവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടി നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ടുവരുന്ന നാലാമത്തെ അടിയന്തര പ്രമേയാണ് ഇത്. എത്ര കാര്യങ്ങൾ പറഞ്ഞാലും വീണ്ടും അതേ കാര്യം തന്നെ മറ്റൊരു രൂപത്തിൽ കൊണ്ടുവരുന്നു എന്നുള്ളതാണ് എനിക്ക് ഇതിനെക്കുറിച്ച് തോന്നിയിട്ടുള്ള ഒരു ഒബ്സർവ്വേഷൻ. എന്റെ ഒരു ഒബ്സർവ്വേഷൻ മാത്രമാണ് ഞാൻ പറ

ഞ്ഞത്. 03-02-2011-ൽ സൂര്യനെല്ലിക്കേസിനെ സംബന്ധിച്ച് ഗവൺമെന്റിന് ലീഗൽ ഒപ്പീനിയൻ കിട്ടിയിട്ടുണ്ട്. ആ ലീഗൽ ഒപ്പീനിയൻ ഗവൺമെന്റിന്റെ പക്കലുണ്ട്. അതനുസരിച്ച് ഈ കേസ്സിന്റെ കാര്യത്തിൽ ഗവൺമെന്റിന് ചില പരിമിതികൾ വരികയാണ്. ഗവൺമെന്റിന് ഈ കാര്യത്തിൽ നിയമത്തിനപ്പുറ ത്തേയ്ക്ക് പോയി കാര്യങ്ങൾ ചെയ്യാനായി നിവൃത്തിയില്ല. ലാ ഓഫ് ദ ലാന്റ് ആണ് നമ്മളെ എല്ലാവരേയും ഭരിക്കുന്നത്. ലാ ഓഫ് ദ ലാന്റിന്റെ പർവ്യൂ വിട്ട് അപ്പുറത്തേയ്ക്ക് പോകാനും ആ ലക്ഷ്മണ രേഖയ്ക്ക് അപ്പുറത്തേയ്ക്ക് കടക്കാനും ഒരു ഗവൺമെന്റിനും അവകാശമില്ല. അതുകൊണ്ട് ആ നിയമ ത്തിനകത്ത് നിന്നുകൊണ്ട് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എന്തെല്ലാം കാര്യമുണ്ടോ അതൊക്കെ ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. ഡി.ജി.പി. യുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് In the circumstance, it is not leagally possible to conduct further investigation or fresh investigation in Crime no. 6/1996 of Munnar Police Station on the basis of the petition made by the victim girl. ‘Victim girl’ എന്നുപറ യാൻ കാരണം, സൂര്യനെല്ലി പെൺകുട്ടി ഒരു പെറ്റീഷൻ ഗവൺമെന്റിന് തന്നി രുന്നു. ആ പെറ്റിഷനോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഒരു കവറിംഗ് ലെറ്ററും ഉണ്ടായിരുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം, സഭയിലെ ചർച്ചയുടെ അവസാനത്തിൽ പറഞ്ഞതാണ്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ഒപ്പീനിയൻ ചോദിക്കണമെന്നുള്ളതായിരുന്നു നമ്മുടെ ആഗ്രഹം. പക്ഷേ അഡ്വക്കേറ്റ് ജനറലിന് മറ്റ് ചില സാങ്കേതിക പ്രശ്നമുള്ളതുകൊണ്ട് അദ്ദേഹം അതിൽനിന്ന് ഒഴിയുകയാണുണ്ടായത്. അപ്പോൾ ഗവൺമെന്റിന് ഒപ്പീനിയൻ ചോദിക്കാൻ കഴിയുന്ന ഏക കോൺസ്റ്റിറ്റ്യൂഷനൽ ഫോറം

(ഭരണഘടനാ സമിതി) എന്നത് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനാണ്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ ഒപ്പീനിയനാണ് നമ്മുടെ കയ്യിലുള്ളത്. അത് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ ഒപ്പീനിയൻ മാത്രമല്ല, അതിനും അപ്പുറത്ത് മറ്റെന്തെങ്കിലും നിയമോപദേശം കിട്ടുമോ എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. ചർച്ചയിൽ ആ കാര്യങ്ങൾ ഇവിടെ ഉന്നയിക്കുകയാണെങ്കിൽ അത് ഞാൻ പിന്നീട് ഇവിടെ സമർപ്പിച്ചുകൊള്ളാം. ഇതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. അതു കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് കിട്ടിയിരിക്കുന്ന ഒപ്പീനിയൻ അനുസരിച്ച്, ഇപ്പോഴത്തെ നിയമവ്യവസ്ഥയനുസരിച്ച് ഗവൺമെന്റിന് പോകാനുള്ള പരിധിയുണ്ട്. ആ പരിധിക്കപ്പുറത്തേയ്ക്ക് പോകാൻ കഴിയില്ല. അതാണ് നമുക്ക് കിട്ടിയിരിക്കുന്ന ലീഗൽ ഒപ്പീനിയൻ.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഒരേ വിഷയത്തെ അധികരിച്ചു കൊണ്ട് വീണ്ടും വീണ്ടും സഭയിൽ അടിയന്തര പ്രമേയം കൊണ്ടുവരികയാണെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് ശരിയല്ല. ഈ വിഷയത്തിന്റെ വ്യത്യസ്ത വശങ്ങൾ ഈ സഭയിൽ കൊണ്ടുവരാനാണ് പ്രതിപക്ഷം പരിശ്രമിച്ചത്. ഏതെങ്കിലുമൊരു ദിവസം ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യുവാനുള്ള ഒരു മര്യാദ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നുവെങ്കിൽ ഈ പ്രശ്നം വരുമായിരുന്നില്ല. ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ ഈ സഭയിൽ വരുന്നതുമായി ബന്ധപ്പെട്ട് എന്തോ മറയ്ക്കുകയും പേടിക്കുകയും ചെയ്യുകയാണ് ആഭ്യന്തര വകുപ്പുമന്ത്രി. വിഷയത്തിന്റെ സത്യാവസ്ഥ പുറത്തുവരുമെന്നുള്ള ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഭയപ്പാടാണ് വീണ്ടും വീണ്ടും ഈ വിഷയം സഭയിൽ ഉന്നയിക്കാൻ പ്രതിപക്ഷത്തെ നിർബന്ധിതരാക്കുന്നത്. സൂര്യനെല്ലിക്കേസ് ഒരു ഒറ്റപ്പെട്ട കേസ്സായി കാണാൻ

സാധിക്കില്ല. ഇൻഡ്യയിലെ സ്ത്രീ സമൂഹത്തിനുമുമ്പിൽ രാജ്യത്തിന്റെ ഭരണ ഘടനയും കേന്ദ്രഗവൺമെന്റും ശിരസ്സ് നമിക്കുന്നത് റെയ്സാന കുന്നുകളിൽ നമ്മൾ കണ്ടു. പ്രസിഡന്റ് താമസിക്കുന്ന പ്രദേശത്തിന്റെ പരിസത്തുപോലും ആർക്കും പോകാൻ പാടില്ലെന്ന നിയമം കർശനമായി നിലനിൽക്കുന്ന ഒരു രാജ്യത്ത് പതിനായിരക്കണക്കിന് വരുന്ന ആളുകൾ ഒത്തുകൂടിയത് ഒരു പെൺകുട്ടിക്കെതിരെ നടന്ന പീഡനഫലമായാണ്. ആ പെൺകുട്ടിയുടെ പ്രശ്നത്തെ ഒരു സിംബലായെടുത്ത് രാജ്യം മുഴുവൻ ആ വികാരം ഉയർത്തി ക്കൊണ്ടുവന്നതിന്റെ പശ്ചാത്തലത്തിൽ രാജ്യസഭയിൽ സ്ത്രീകളെ സംരക്ഷി ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ബിൽ വരാൻ പോകുകയാണ്. രാജ്യം മുഴുവൻ അത്തരമൊരു നിലപാട് സ്വീകരിച്ചപ്പോൾ അവിടെ തടിച്ചുകൂടിയ ആളുകളെ വേണമെങ്കിൽ ഇവിടെ നിയമസഭാ കവാടത്തിന് മുന്നിൽ കുത്തി യിരുന്ന എം.എൽ.എ. മാരോട് കാണിച്ചതുപോലെയുള്ള ഒരു സമീപനം കേന്ദ്ര ഗവൺമെന്റിന് കാണിക്കാമായിരുന്നു. കേന്ദ്രഗവൺമെന്റ് അത് കാണി ച്ചില്ല. കേരളത്തിലെ വനിതാ എം.എൽ.എ.-മാർ എന്തെങ്കിലും അക്രമം നടത്തിയോ? അവർ നിയമസഭാ കവാടത്തിന് മുന്നിൽ കുത്തിയിരിക്കുക യാണ് ചെയ്തത്. ബലം പ്രയോഗിച്ച് അവരെ പിടിച്ചുവലിച്ച് കൊണ്ടുപോ കേണ്ട കാര്യമുണ്ടോ? കേന്ദ്രഗവൺമെന്റ് റെയ്സാന കുന്നുകളിൽ തടിച്ചുകൂ ടിയ പതിനായിരങ്ങളോട് ഇത് ചെയ്യാതിരുന്നത് പ്രശ്നത്തിന്റെ പ്രാധാന്യം കണക്കിലെടുത്തിട്ടാണ്. ഈ സാഹചര്യത്തിലാണ് ഈ വിഷയം വീണ്ടും ചർച്ചയ്ക്കെടുക്കുന്നത്. സൂര്യനെല്ലി കേസ് വീണ്ടും വിഷയമാകുന്നത് 34 പ്രതികളെ വെറുതെ വിട്ട ഹൈക്കോടതി വിധി റദ്ദ് ചെയ്തുകൊണ്ട് സുപ്രീംകോടതി നേരിട്ട് നടത്തിയ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ്.

സുപ്രീംകോടതി പറയുന്നത്, ഹൈക്കോടതി വിധിയിൽ സ്ത്രീ വിരുദ്ധതയു ണ്ട്. അത് പരോക്ഷമായ പുരുഷാധിപത്യ മനോഭാവമാണ് പ്രകടിപ്പിക്കുന്നത്. അത് ഈ രാജ്യത്തിന്റെ സാമാന്യ മര്യാദയോടുള്ള ലംഘനമാണ്, അത് ലജ്ജാകരമാണ്. വർദ്ധിച്ചുവരുന്ന സ്ത്രീപീഡനം, അതിക്രമങ്ങൾ ഇതിന്റെ യൊക്കെ പശ്ചാത്തലത്തിലാണ് ഒരു പുതിയ നിയമനിർമ്മാണം തന്നെ ആവശ്യമായി വരണമെന്ന നിലപാടിലേയ്ക്ക് നമ്മൾ പോയത്. ഈ പശ്ചാത്തലത്തിലാണ് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് രാജ്യത്തിന്റെ പരമോന്നത നീതിപീഠം നൽകിയ സന്ദേശമാണ് ഈ വിധി റദ്ദ് ചെയ്യൽ. അത് പഴയ കേസല്ലേ, പഴകിപ്പുളിച്ച തല്ലേ എന്ന് നിങ്ങൾ വീണ്ടും പറഞ്ഞുകൊണ്ടിരിക്കുകയാണ്. സ്ത്രീകളോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത്, എങ്ങനെയാണ് അവരെ സംരക്ഷിക്കേ ണ്ടത് എന്നുള്ളത് സംബന്ധിച്ച് രാജ്യത്തിന്റെ പരമോന്നത നീതിപീഠം ഒരു മെസേജ് നൽകിയിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായിട്ടാണ് പ്രസിഡന്റ് ഒപ്പുവച്ച ഒരു ഓർഡിനൻസ് പുറത്തുവന്നത്. ആ ഓർഡിനൻസിൽ പറയു ന്നത് 'ഇര'കളുടെ ആക്ഷേപങ്ങളെയും പരാതികളെയും അടിസ്ഥാനമായി സ്വീകരിച്ച് ഇത്തരം കേസ്സുകൾ കാണണമെന്നാണ്. രാജ്യസഭയിൽ വരാൻ പോകുന്ന ബില്ലിലും ഇതേ കാര്യങ്ങളാണ് വരുന്നത്. ഈ പശ്ചാത്തലങ്ങ ളെല്ലാം പുതിയ സാഹചര്യമാണ്. രാജ്യത്തെ സ്ത്രീത്വത്തോട് നാം എങ്ങനെ പെരുമാറണമെന്ന് പരമോന്നത നീതിപീഠം, പാർലമെന്റ്, മറ്റ് സഭകൾ, പൊതു സമൂഹം, സിവിൽ സൊസൈറ്റി ഇവരെല്ലാവരുമെടുക്കുന്ന നിലപാടിനോട് കേരളാ ഗവൺമെന്റിനും കേരളാ നിയമസഭയ്ക്കുമുള്ള നിലപാടെന്താണെന്ന് വ്യക്തമാക്കുന്നത് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

അത് ചർച്ച ചെയ്യാൻ പാടില്ലെന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഹൈക്കോടതി വിധി റദ്ദ് ചെയ്തു, അതിന്റെ ഭാഗമായി ജാമ്യം റദ്ദ് ചെയ്തു, പുനർവിചാരണ നടത്തണമെന്ന് ആവശ്യപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ശ്രീ. പി.ജെ. കുര്യനെതിരെയുള്ള പരാതി കൂടി അന്വേഷിക്കണമെന്ന ആവശ്യം ഉയർന്നുവരുന്നത്. ഈ ആവശ്യം പുതിയതല്ല, പലതവണ ഉന്ന യിക്കപ്പെട്ടതാണ്. കഴിഞ്ഞ 17 വർഷമായി ഈ പെൺകുട്ടി ഇത് പറഞ്ഞുകൊ ണ്ടിരിക്കുന്നുവെന്നാണ് പറയുന്നത്. 17 വർഷമായിട്ട് പെൺകുട്ടി പറഞ്ഞുകൊ ണ്ടിരിക്കുന്നു എന്നതുതന്നെ ഒരു പ്രശ്നമാണല്ലോ; അവർ ഇതിന്റെ അങ്ങേ യറ്റം വരെ പരിശ്രമിച്ചല്ലോ? വീണ്ടും അവർ ദേവികുളം കോടതിയിൽ സ്വകാര്യ അന്യായം നൽകി, നിയമപരമായി പരിശ്രമിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഹൈക്കോടതി മറ്റെല്ലാ പ്രതിക ളേയും വെറുതെ വിട്ട പശ്ചാത്തലത്തിൽ ഈ ആവശ്യത്തിന് പ്രസക്തിയില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. കുറ്റപത്രത്തിൽ ശ്രീ. പി.ജെ. കുര്യൻ ഉൾപ്പെ ടുത്തപ്പെട്ടിട്ടില്ല, വിചാരണ നടന്നിട്ടില്ല. കോടതികളെല്ലാം പരിശോധിച്ച് വെറുതെ വിട്ട ഒരു പ്രതിയെ സംബന്ധിച്ചാണ് നിങ്ങൾ ആക്ഷേപം പറഞ്ഞു കൊണ്ടിരിക്കുന്നതെന്നാണ് ഇവർ പറയുന്നത്. ഏത് കോടതിയിലാണ് ഇത് പരിശോധിച്ചത്; ഏത് കോടതിയിലാണ് ശ്രീ. പി.ജെ. കുര്യനെതിരായി ഒരു കുറ്റപത്രമുള്ളത്; എവിടെയാണ് ട്രയൽ നടന്നത്? ഇതൊന്നുമില്ലാതെ ഏക പക്ഷീയമായി, ഇതെല്ലാം അന്വേഷിച്ചുകഴിഞ്ഞതാണ്, സുപ്രീംകോടതി വെറുതെ വിട്ടതാണ് എന്നു പറയുന്നത് നിയമത്തിനെ നോക്കി പല്ലിളിക്കലല്ലേ; ആഭ്യന്തര വകുപ്പുമന്ത്രി അത് ചെയ്യാൻ പാടുണ്ടോ? ഹൈക്കോടതി വിധി നീതിന്യായ വ്യവസ്ഥയ്ക്ക് ലജ്ജാകരമാണെന്ന് രാജ്യത്തിന്റെ പരമോന്നത

നീതിപീഠം പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് ആ ന്യായം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ? ആ ന്യായം നിലനിൽക്കുന്നില്ല. ‘ഇര’യുടെ മൊഴി അടിസ്ഥാനമായി സ്വീകരിക്കണമെന്ന ഓർഡിനൻസ് വന്നതോടെ പുതിയ സാഹചര്യം വന്നില്ലേ? ‘ഇര’യുടെ മൊഴി മാത്രമല്ല നിരവധി പുതിയ വെളിപ്പെടുത്തലുകൾ പുറത്തുവന്നിരിക്കുകയാണ്. പുതിയ വെളിപ്പെടുത്തലുകൾ വന്ന സാഹചര്യത്തിൽ ഒരു നിയമോപദേശത്തിന്റെ പ്രസക്തി തന്നെ ഇല്ല എന്നുള്ളതല്ലേ സത്യം? സി.ആർ.പി.സി. 173(8) തുടരന്വേഷണത്തെ സംബന്ധിച്ചുള്ള നിർദ്ദേശമല്ലേ? ഒരു കേസ്സിന്റെ ഭാഗമായിട്ടുള്ള പുതിയ വസ്തുതകൾ വെളിപ്പെട്ടാൽ സ്വാഭാവികമായ ഒരു നിയമപ്രക്രിയയാണ് തുടരന്വേഷണം. സ്വാഭാവികമായ ഒരു നിയമപ്രക്രിയയായ തുടരന്വേഷണത്തിന് നിങ്ങൾ എന്തിനാണ് നിയമോപദേശം തേടിയത്? അങ്ങനെ ചെയ്തത് തുടരന്വേഷണം ഒഴിവാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ്. എന്താണ് ഉപദേശിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് കെ.പി.സി.സി.-യുടെ ഓഫീസിൽനിന്ന് എഴുതിക്കൊടുത്തതാണ് ഇപ്പോൾ ആസഫ് അലി നിയമോപദേശമായി നൽകിയിട്ടുള്ളത്. അന്വേഷണം ആവശ്യമില്ല, തുടരന്വേഷണത്തിന് പ്രസക്തിയുമില്ല എന്ന്, നിയമോപദേശം ആവശ്യപ്പെടുന്നതിന്റെ മൂന്നുദിവസം മുമ്പ് പത്രസമ്മേളനം നടത്തി മുഖ്യമന്ത്രി ജനങ്ങളോട് പറഞ്ഞില്ലേ? ഹൈക്കോടതിയും സുപ്രീംകോടതിയും വെറുതെ വിട്ടതാണ്. അതുകൊണ്ട് ഇതിൽ യാതൊരു കാര്യത്തിനും പ്രസക്തിയില്ലായെന്ന് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞാൽ മുഖ്യമന്ത്രിയുടെ പാർട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പറായ ആസഫ് അലിക്ക് മാറ്റിപ്പറയാൻ സാധിക്കുമോ? ഇതിന് നിയമോപദേശം ആവശ്യമില്ലായെന്നുള്ളതാണ് ഞങ്ങളുടെ പോയിന്റ്. സി.ആർ.പി.സി. 173(8) പ്രകാരം പുതിയ വസ്തുതകൾ

വെളിപ്പെട്ടാൽ നിയമോപദേശം ആവശ്യമില്ലാതെതന്നെ തുടരന്വേഷണം നടത്തണം. ഇതേ സാഹചര്യം കേരളത്തിൽ ഒരുപാട് കേസ്സുകളിൽ ഉണ്ടായിട്ടില്ലേ? 29 വർഷത്തിനുശേഷമുള്ള വെളിപ്പെടുത്തലിന്റെ അടിസ്ഥാന ത്തിലല്ലേ ഐ.ജി. ലക്ഷ്മണ ജയിലിൽ കിടക്കുന്നത്? എന്തിനാണ് അഞ്ചേരി ബേബി കൊലക്കേസ്സുമായി ബന്ധപ്പെട്ട തുടരന്വേഷണമുണ്ടായത്; എങ്ങനെ യാണ് കെ.ടി. ജയകൃഷ്ണൻ കൊലക്കേസിൽ തുടരന്വേഷണം ഉണ്ടായത്? നിയമം നിങ്ങൾക്ക് തോന്നിയതുപോലെ വ്യാഖ്യാനിക്കുന്നത് മര്യാദയല്ല. സ്വാഭാവികമായും ഇതിലെ എല്ലാ വശങ്ങളും സഭയിൽ ചർച്ച ചെയ്താൽ ഈ കാര്യങ്ങളെല്ലാം പുറത്തുവരുമെന്നുള്ളതുകൊണ്ട് ഒരു ചർച്ചയും അനുവ ദിക്കുകയില്ലായെന്നുള്ള നിലപാട് സ്വീകരിക്കുന്നത് ന്യായമാണോ? നിയമം നിയമത്തിന്റെ വഴിക്കാണെങ്കിൽ അഞ്ചേരി ബേബി കൊലക്കേസ്സിലും കെ.ടി. ജയകൃഷ്ണൻ കൊലക്കേസ്സിലും വർഗ്ഗീസ് കൊലക്കേസ്സിലുമുണ്ടായ നിയമപ രമായ ബാധ്യതകൾ നിർവ്വഹിക്കാനുള്ള സാമാന്യ മര്യാദ ഈ ഗവൺമെന്റ് കാണിക്കേണ്ടതായിരുന്നു. അത് ചെയ്തില്ല. ഈ മൊഴികളെല്ലാം വന്നാലും ശ്രീ. പി. ജെ. കുര്യനെ കുറ്റവാളിയായി പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ പറയു ന്നില്ല. ഒരു അന്വേഷണം നടത്തണം. പുതിയ സാഹചര്യങ്ങൾ വന്നിരിക്കുക യാണ്, നാലോ അഞ്ചോ മൊഴികൾ പറഞ്ഞിരിക്കുകയാണ്. അലിബി (alibi) തെളിയിച്ചോയെന്നാണ് പറഞ്ഞിരിക്കുന്നത്. അലിബി യഥാർത്ഥത്തിൽ എവി ടെയാണ് തെളിയിക്കേണ്ടത്? കോടതിയിലല്ലേ അലിബി തെളിയിക്കേണ്ടത്. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ മുമ്പിലാണോ അലിബി തെളിയിക്കേണ്ടത്? അലിബി തെളിയിച്ചതിന്റെ സാഹചര്യത്തിലാണ് അദ്ദേഹത്തെ ഒഴിവാക്കിയത് എന്നാണ് പറഞ്ഞത്. ആ അലിബി തെളിയിക്കാൻ ഉപോദ്ബലകമായി പറഞ്ഞ

തെളിവുകളെല്ലാം പൊളിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. എല്ലാ തെളിവുകളും പൊളിയുകയാണ്. ഇത് നമ്മളെല്ലാവരും കാണുമ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയും ഗവൺമെന്റും മാത്രം കാണുന്നില്ലായെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ഇത് നിയമോപദേശമല്ല, നിയമഘാതക ഉപദേശമാണ്. നിയമത്തെ വധിക്കുവാനുള്ള ഉപദേശമാണ്. ശ്രീ. പി.ജെ. കുര്യനെ കോടതി വെറുതെവിട്ടുവെന്നാണ് പറയുന്നത്. ഏത് കോടതിയാണ് വെറുതെ വിട്ടത്? ഒരു കോടതിയിലും കുറ്റപത്രമില്ല, വിചാരണയുമില്ല, ഇതൊന്നും നടന്നിട്ടുമില്ല. സ്ഥലത്തുണ്ടായിരുന്നില്ലായെന്ന കണ്ടെത്തലിന് സഹായിച്ച തെളിവുകൾ കാരണമാണ് ഒഴിവാക്കപ്പെട്ടതെന്നാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ തെളിവുകൾ ഇപ്പോൾ ഇല്ലാതായില്ലേ? അലിബി തെളിയിക്കേണ്ടത് കോടതിയിലല്ലേ? യഥാർത്ഥത്തിൽ നിയമോപദേശം ആവശ്യമില്ലാത്ത ഒരു കാര്യത്തിൽ എത്രയെത്ര പുതിയ തെളിവുകൾ വന്നു? ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. അന്നമ്മ ഇടിക്കുളയെന്ന, 80 വയസ്സിനടുത്ത് എത്തിയ നിഷ്ക്കളങ്കയായ ഒരു ഗ്രാമീണ സ്ത്രീക്ക് എന്തിനാണ് നുണ പറയേണ്ട ആവശ്യം? അന്നമ്മ ഇടിക്കുള, രാജൻ, അച്ചൻകുഞ്ഞ്, അന്വേഷണ സംഘത്തിലെ എസ്.പി. ആയിരുന്ന ജോഷ്വ, ശിക്ഷിക്കപ്പെട്ട ധർമ്മരാജൻ എന്നിവരെല്ലാം പറയുകയാണ്, ഇത് ലോകം മുഴുവൻ കാണുകയാണ്. ലോകം മുഴുവൻ കാണുന്നത് ആഭ്യന്തര വകുപ്പുമന്ത്രിയും ഗവൺമെന്റും കാണുന്നില്ല. ഇതെല്ലാംവന്ന പശ്ചാത്തലത്തിൽ ഇവരെല്ലാം നുണ പറയുകയാണെങ്കിൽ അത് നുണയാണെന്ന് അന്വേഷിച്ച് തെളിയിക്കേണ്ട സാമാന്യ മര്യാദ കാണിക്കണ്ടേ? ഈ മൊഴികളൊന്നും തങ്ങൾക്ക് ബാധകമല്ല എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പക്ഷേ എന്തുകൊണ്ടാണ്

ഈ നിലപാട് അഞ്ചേരി ബേബി കൊലക്കേസ്സിലും ജയകൃഷ്ണൻ കൊലക്കേസ്സിലും കാണിക്കാതിരുന്നത്? അപ്പോൾ നിയമത്തെക്കുറിച്ച് ഒരു ഭാഗത്ത് പറയുന്നതും ചെയ്യുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ല. നിങ്ങൾ നിയമത്തെക്കുറിച്ചാണ് പറയുന്നത്. രാജ്യത്തിന്റെ പരമോന്നത നീതിപീഠം ഇങ്ങനെയെരു നിലപാട് സ്വീകരിച്ച പശ്ചാത്തലത്തിൽ, 34 പ്രതികളേയും വെറുതെവിട്ടത് ലജ്ജാകരമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ സാഹചര്യത്തിൽ, കേസ്സിൽ പുനർവിചാരണ വേണമെന്ന് കോടതിതന്നെ ആവശ്യപ്പെട്ട സാഹചര്യത്തിൽ, നിയമത്തെ ബഹുമാനിക്കുന്നുവെങ്കിൽ നിങ്ങൾ കോടതിയിൽ പോകാൻ തയ്യാറുണ്ടോ? നിങ്ങൾ പി.ജെ. കുര്യനെന്ന വ്യക്തിയെ മാറ്റിവയ്ക്കൂ, ഒരു പ്രതിയെ പ്രതിയായി കാണൂ. നിങ്ങൾ എന്തി നാണ് പ്രതികളുടെയും വ്യക്തികളുടെയും ബാക്ക് ഗ്രൗണ്ട് അന്വേഷിക്കു ന്നത്? പ്രതിയെ പ്രതിയായി കാണുകയാണെങ്കിൽ കേരളത്തിലെ ഒരു പെൺകുട്ടിയുടെ മാനം സംരക്ഷിക്കുവാനുള്ള മര്യാദയും ബാധ്യതയുമുള്ള ഗവൺമെന്റ് സുപ്രീംകോടതിയിൽപ്പോയി അഭിപ്രായം ചോദിക്കുകയല്ലേ വേണ്ടത്? ആസഫ് അലിയുടെ ഉപദേശമല്ല, കോടതിയുടെ അഭിപ്രായമാണ് വേണ്ടത്. 'തുടരന്വേഷണം ഞങ്ങൾ ആഗ്രഹിക്കുന്നു, ഒരുപാട് തെളിവുകൾ പുറത്തുവന്നിരിക്കുകയാണ്. അതിനാൽ പുറത്തുവന്ന തെളിവുകളുടെ പശ്ചാ ത്തലത്തിൽ എന്തുചെയ്യണമെന്നാണ് പരമോന്നത നീതിപീഠത്തിന്റെ അഭി പ്രായം' എന്ന് ചോദിക്കുവാനുള്ള മര്യാദ ആഭ്യന്തര വകുപ്പുമന്ത്രിക്കും ഗവൺമെന്റിനും കാണിക്കുവാൻ സാധിക്കുമോ? നിങ്ങൾ നിയമമാണല്ലോ പറയുന്നത്. ഇന്ത്യയിലെ നിയമത്തിന്റെ അവസാന വാക്ക് ആസഫ് അലിയല്ല, സുപ്രീം കോടതിയാണ്. സുപ്രീം കോടതിയുടെ മുന്നിൽപ്പോയി ഇത് ചോദി

ക്കുവാൻ സാധിക്കുമോ? ഈ പറയുന്നതെല്ലാം നിയമപരമായി നില നിൽക്കുന്ന കാര്യങ്ങളല്ല. രാഷ്ട്രീയമായ താൽപര്യത്തിന്റെ പേരിൽ ഒരു നിയ മത്തെ ഇത്രമാത്രം ബലാൽക്കാരം ചെയ്യുന്ന കേരള ചരിത്രത്തിലെ ആദ്യത്തെ ആഭ്യന്തര വകുപ്പുമന്ത്രിയാണ് അങ്ങ്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇവിടെ നിയമസഭാ കവാടത്തിൽ കുത്തിയിരുന്ന എം.എൽ.എ.-മാരോട് കാണിച്ചത് നമ്മളെല്ലാവരും കണ്ടു. അവർ ഒരു കുറ്റവും ചെയ്തിട്ടില്ല. അവർ ആരേയും ആക്രമിച്ചിട്ടില്ല. അവിടെ കുത്തിയിരുന്ന് സമരം നടത്തിയ അവരോട് എന്തെല്ലാം കാണിച്ചുവെന്ന് അവർ പറഞ്ഞു. അതിന്മേൽ ഒരു നിലപാട് സ്വീകരിക്കാൻ നിങ്ങൾ തയ്യാറല്ല. കേരളത്തിലെ ഒരു പോലീസ് സ്റ്റേഷനിൽ പോയി ഒരു പാർലമെന്റ് മെമ്പറായ കോൺഗ്രസ് നേതാവ് കാണിച്ച തെമ്മാടിത്തം ലോകത്തെ മുഴുവൻ ദൃശ്യമാധ്യമങ്ങളിൽ ഞങ്ങൾ കണ്ടു. നിങ്ങൾ എന്ത് സമീപനം സ്വീകരിച്ചു? ജസ്റ്റിസ് ആർ. ബസന്ത് വിധി പറഞ്ഞതിനെക്കുറിച്ചല്ല ഞങ്ങൾ ആക്ഷേപമുന്നയിച്ചത്. അവരുടെ ബോധ്യ ത്തിന്റെ അടിസ്ഥാനത്തിൽ, അവരുടെ മുന്നിലെത്തുന്ന തെളിവുകളുടെ അടി സ്ഥാനത്തിൽ ആർക്കും വിധി പറയാം. പക്ഷേ, സ്വന്തം വിധിയെ ന്യായീകരി ക്കാനുള്ള ബാധ്യത ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ ഒരു ജഡ്ജിക്കുമില്ല. ജസ്റ്റിസ് ബസന്ത് ആ വിധിയെ ന്യായീകരിച്ചതല്ല പ്രശ്നം. അങ്ങേയറ്റം സ്ത്രീവിരുദ്ധമായി, പുരുഷാധിപത്യ മനോഭാവത്തോടുകൂടി ബാലവേശ്യയെന്ന് ഒരു പെൺകുട്ടിയെ ആക്ഷേപിച്ചതിനെ സംബന്ധിച്ചാണ് ഞങ്ങൾ പറയുന്നത്. അങ്ങനെ ആക്ഷേപമുന്നയിച്ച, ഒരു പെൺകുട്ടിയുടെ മാനത്തിന് വില പറഞ്ഞ ഒരാളെ ഈ ഗവൺമെന്റിന്റെ വക്കീലായി നിലനിർത്തിക്കൊണ്ടുപോകുന്നത് ശരിയല്ലായെന്നാണ് പറഞ്ഞത്. അദ്ദേഹ ത്തിന്റെ വിധിയെ ക്വാട്ട് ചെയ്തല്ല പറഞ്ഞത്. ഏതെങ്കിലും ജഡ്ജി ഒരു വിധി

പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു നിലപാട് സ്വീകരിക്കണമെന്നല്ല. അദ്ദേഹം അദ്ദേഹത്തെ നയിച്ചുകൊണ്ടിരിക്കുന്ന നിലപാടാണ് വിശദീകരിച്ച ത്. അതിന്മേൽ എന്ത് നിലപാട് സ്വീകരിച്ചു? നിങ്ങളുടെ കേന്ദ്ര നേതൃ ത്വത്തിന്റെ ഭാഗമാണല്ലോ ശ്രീ. വയലാർ രവി. അദ്ദേഹത്തോട് ഒരു മാധ്യപ്ര വർത്തക ചോദിക്കുന്നത് ആർക്കുവേണ്ടിയാണ്? അവർ വ്യക്തിപരമായ ആശ ങ്കകളല്ല ചോദിക്കുന്നത്, ഈ സമൂഹത്തിന്റെ ആശങ്കകളാണ് ചോദിക്കുന്നത്. മാതൃഭൂമി ചാനലിന്റെ മാധ്യമപ്രവർത്തകയായ ഐശ്വര്യ ചോദിച്ചത് ഐശ്വര്യ യുടെ വീട്ടിലെ കാര്യമാണോ; ഈ നാട്ടിലെ സ്ത്രീകളുടെ മനസ്സിലുള്ള ആശ ങ്കയല്ലേ ചോദിച്ചത്? ആ ആശങ്കയെക്കുറിച്ച് ചോദിച്ചപ്പോൾ ചുമരിനോട് കൈ ചേർത്തുനിന്നുകൊണ്ട് കേന്ദ്രമന്ത്രി ചോദിക്കുകയാണ്- നിങ്ങൾക്ക് എന്തെങ്കിലും വ്യക്തിപരമായ അനുഭവം ശ്രീ. പി.ജെ. കുര്യനിൽനിന്ന് ഉണ്ടാ യിട്ടുണ്ടോയെന്ന്. ഇന്നലെ എല്ലാ മാധ്യമങ്ങളിലും ഞങ്ങൾ കണ്ടതാണ്. ഇത്രയും അപമാനകരമായ നിലപാട് ഈ രാജ്യത്തെ ഒരു കേന്ദ്രമന്ത്രി സ്വീക രിക്കുകയും പിന്നീട് ഡൽഹിയിൽ പോയി മാപ്പ് പറയുകയുമാണ് ചെയ്തത്. നിങ്ങൾ എങ്ങനെയാണ് സ്ത്രീത്വത്തെ കാണുന്നതെന്നും എങ്ങനെയുള്ള നിലപാടാണ് ഈ സമൂഹത്തോട് നിങ്ങൾ സ്വീകരിക്കുന്നതെന്നും വ്യക്തമാ ക്കുന്നതാണ് ഈ സംഭവം. ശ്രീ. പി.ജെ. കുര്യനെ പ്രതിയായി പ്രഖ്യാപി ക്കേണ്ട. പക്ഷേ, അന്വേഷിക്കുന്നില്ലായെന്ന് പറയുന്നതിൽ ധാർമ്മികതയുടെ കണികയും മര്യാദയുടെ അംശവുമുണ്ടോയെന്ന് നിങ്ങൾ വ്യക്തമാക്കണം. ഈ സഭ ഒരു യാന്ത്രികമായ സഭയല്ല. ഇത് പിതാക്കൻമാരും സഹോദരൻമാ രുമുള്ള സഭയാണ്. ഇത് ഒറ്റപ്പെട്ട ഒരു കേസ്സായി പരിഗണിച്ച് പോകേണ്ടതല്ല. ഈ സമൂഹം സ്ത്രീത്വത്തോടും സ്ത്രീ സമൂഹത്തോടും എങ്ങനെയാണ് പെരുമാറുന്നതെന്ന് പ്രഖ്യാപിക്കേണ്ട ഒരു സന്ദർഭമാണ്. അതുകൊണ്ട് ഈ

വിഷയം ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ കാപട്യ ത്തിന്റെ മുഖമുദ്രയായി ആഭ്യന്തര വകുപ്പുമന്ത്രി പെരുമാറരുത്. ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നതൊന്ന്, പ്രവർത്തിക്കുന്ന് മറ്റൊന്ന്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഷേക്സ്പിയറിന്റെ ഹാംലെറ്റിൽ ക്ലോഡിയസ് എന്നൊരു കഥാപാത്രമുണ്ട്; One may smile, and smile, and be a villain എന്ന് പറ ഞ്ഞതുപോലെയാണ്. അതുപോലെ അങ്ങ് പകർന്നാട്ടം നടത്തരുത്. കഥക ളിയിൽ പകർന്നാടുന്നത് നല്ലതാണ്. ബാലിവിജയം കഥകളിൽ രാവണനായി അഭിനയിച്ചുകൊണ്ടിരിക്കുന്ന അതേ സന്ദർഭത്തിൽത്തന്നെ കലമാണ്ഡലം രാമൻകുട്ടിനായർ തൊട്ടടുത്ത നിമിഷം പാർവ്വതിയായിട്ടും പകർന്നാടും. പാർവ്വതിയായിട്ടും രാവണനായിട്ടും പകർന്നാടുന്ന ആട്ടക്കാരന്റെ പണിയല്ല ആഭ്യന്തര വകുപ്പുമന്ത്രിയുടെ പണി. ആഭ്യന്തര വകുപ്പുമന്ത്രിയുടെ പണി നിഷ്പക്ഷമായ നിലപാട് സ്വീകരിക്കലാണ്. അങ്ങനെ നിഷ്പക്ഷമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ ആശങ്ക പരിഹരി ക്കുന്ന തരത്തിൽ, സ്ത്രീ സമൂഹത്തോടുള്ള നിങ്ങളുടെ നിലപാട് പ്രഖ്യാപി ക്കുന്ന വിധത്തിൽ ഈ വിഷയത്തിന്റെ നാനാവശങ്ങൾ ഈ സഭ നിറുത്തി വച്ച് ചർച്ച ചെയ്യാൻ തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ അടിയന്തിരപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) : സർ, ഇവിടെ പറഞ്ഞത് മുഴുവൻ കേട്ടിട്ടും ഒരു കാര്യമേ അതിൽ വന്നുള്ളൂ. ശ്രീ. ടി. ആസഫ് അലിയുടെ റിപ്പോർട്ട് അംഗീകരിക്കരുത്. അതി നെക്കാൾ അപ്പുറത്തേയ്ക്ക് പോകണമെന്നാണ് പറഞ്ഞതിൽ നിന്നും ഞാൻ

മനസ്സിലാക്കുന്നത്. ....(ബഹളം)... ആയിക്കൊള്ളട്ടെ, എന്നെ പറയാൻ അനുവദിക്കണം.

മി. ഡെ. സ്പീക്കർ : അദ്ദേഹം പറയട്ടേ. മറുപടി പറയട്ടേ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ നിയമസഭയുടെ സെക്രട്ടറിയായിരുന്ന ജസ്റ്റിസ് ഉദയഭാനുവിന്റെ വിധിയുണ്ട്. ആരെയും വിശ്വസിക്കില്ലായെന്ന് പറഞ്ഞാൽ വെറും അവിശ്വാസിയായിട്ട് നിൽക്കാൻ പറ്റുമോ? അതുകൊണ്ട് ജസ്റ്റിസ് ഉദയഭാനുവിന്റെ വിധിക്കകത്ത് ശ്രീ. പി. ജെ. കുര്യൻ കൊടുത്ത, Pursuance to the direction of the Hon'ble Supreme Court, Mr. Kurian filed a petition viz. C.M.P. 4628/2006 seeking discharge under section 227 of Cr.P.C. in SC 413/2006 before the Hon'ble Additional Sessions Court, Thodupuzha. The learned Additional Sessions Judge dismissed the petition for discharge. Being highly aggrieved by the impungned order, Mr. Kurian filed Crl. Revision Petition No. 3921/2006 before the Hon'ble High Court of Kerala. അതാണ് ഹൈക്കോടതിയിൽ ശ്രീ. പി. ജെ. കുര്യൻ കൊടുത്ത ഡിസ്ചാർജ് പെറ്റീഷന്റെ അപ്പീലിന്റെ ബാക്ക്ഗ്രൗണ്ട് ഞാൻ ഒറ്റ സെന്റൻസിൽ പറഞ്ഞത്. ആ ഡിസ്ചാർജ് പെറ്റീഷനകത്ത് ജസ്റ്റിസ് ഉദയഭാനു പറഞ്ഞിട്ടുള്ളത് എന്താണ്? The Hon'ble High Court observed that: "...........I find that courts below have erred in taking cognizance of the case and also in dismissing the application filed for discharge under section 227 Cr.P.C." I find that the circumstance and the evidence produced in the matter do

establish that the case foisted against the petitioner is false. It is quite unfortunate that the petitioner had to undergo the trauma of facing such a false case of a scandalous nature, for the last more than one decade. ഇത് ഹൈക്കോടതി ജഡ്ജി പറഞ്ഞതാണ്. ഹൈക്കോടതി ജഡ്ജി പറഞ്ഞതിനുമുകളിൽ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ പോയി. ആ സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീംകോടതിയും തള്ളി. അതോടുകൂടി ഈ കേസിന് ഫൈനാലിറ്റി വന്നു. അതാണ് ഗവൺമെന്റിന്റെ കൺസ്ട്രെയിൻ. ഗവൺമെന്റിന്റെ കൺസ്ട്രെയിൻ എന്താണ്? ഈ രാജ്യത്തെ ഏറ്റവും വലിയ നീതിന്യായ കോടതി, തീർപ്പുകൽപ്പിച്ച ഒരു വിഷയം റീ-ഓപ്പൺ ചെയ്യണമെങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ. ഇത്രയും പരാതിയും പരാക്രമവും കാണിക്കുകയും വാചകം പറയുന്നതിന് ഒരു മടിയും ലോപവും കാണിക്കാത്ത ശബ്ദഘോഷത്തിന്റെ ആളുകൾക്ക് ഹൈക്കോടതിയിൽ ഒരു പെറ്റീഷൻ കൊടുക്കാൻ എന്തുകൊണ്ടാണ് മടിയെന്ന് എനിക്ക് ഇതുവരെ പിടികിട്ടിയിട്ടില്ല. ഹൈക്കോടതിയിൽ പോകാമല്ലോ? ഗവൺമെന്റിനുള്ള നിയമതടസ്സത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ഇനി ഗവൺമെന്റിനുള്ള നിയമതടസ്സമാണ് പ്രശ്നമെങ്കിൽ ഒരു കാര്യം ചെയ്തുകൊള്ളൂ. മറ്റ് കാര്യങ്ങളും ഇന്ത്യൻ ഭരണഘടനയനുസരിച്ച് പോകാമല്ലോ? ഇവിടെ രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ശ്രീ. ടി. ആസഫ് അലിയുടെ ലീഗൽ ഒപ്പീനിയനാണ് ഞങ്ങൾ എടുത്തത്. ശ്രീ. ആസഫ് അലി കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറാണ്. മുഖ്യമന്ത്രി പറയുന്നതിന് വിരുദ്ധമായിട്ട് അദ്ദേഹത്തിന് പറയാൻ പറ്റുമോ എന്ന് ചോദിച്ചു. ലാ സെക്രട്ടറി കെ.പി.സി.സി. അംഗമല്ലല്ലോ? ലാ സെക്രട്ടറി തന്നിരിക്കുന്ന ഒപ്പീനിയൻ ഉണ്ട്. I am of the opinion that

factually or legally there is no sufficient grounds to order further investigation or fresh investigation by the Government on the basis of the present request- അതാണ് നമ്മുടെ ലാ സെക്രട്ടറി തന്നിരിക്കുന്ന ഒപ്പീനിയൻ. ഇവർ ആരെങ്കിലും പൊളിറ്റിക്കലി മോട്ടിവേറ്റഡ് ആണോ? പൊളിറ്റിക്കലി മോട്ടിവേറ്റഡായിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നതതെങ്കിൽ ലാ സെക്രട്ടറി തന്ന റിപ്പോർട്ട് പൊളിറ്റിക്കലി മോട്ടിവേറ്റഡ് ആണോ? ഈ പെൺകുട്ടിയ്ക്ക് വേണ്ടി സുപ്രീംകോടതിയിൽ ഹാജരാകുന്നതിന് ഒരു വക്കീലിനെ വയ്ക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് രണ്ട് അഡ്വക്കേറ്റ്സിന്റെ പേരും അവരുടെ റിക്വസ്റ്റും അദ്ദേഹത്തിന്റെ കവറിംഗ് ലെറ്ററും വച്ച് എനിക്ക് തന്നു. അതിനകത്ത് രണ്ടാളു കളുടെ പേര് വന്നു. ഞാൻ പ്രതിപക്ഷ നേതാവിനോട് ചോദിച്ചു. അദ്ദേഹ ത്തിന്റെ കൂടി കൺസന്റോടുകൂടി (അത് റിട്ടൺ കൺസന്റ് അല്ല) ജസ്റ്റിസ് കെ. പത്മനാഭൻ നായരെ ഈ പെൺകുട്ടിക്ക് വേണ്ടി കേസ് നടത്തുന്നതിന് കേരളാ ഗവൺമെന്റ് നിയോഗിച്ചു. ജസ്റ്റിസ് പത്മനാഭൻ നായരെക്കുറിച്ച് ഇന്നലെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞല്ലോ? ജസ്റ്റിസ് പത്മനാഭൻ നായരുടെ ഒരു കമന്റ് ഞാൻ ഇന്നും ഓർക്കുന്നു. ഈ സഭയിൽ ശ്രീ. കെ. പി. വിശ്വനാഥൻ എഴുന്നേറ്റുനിന്ന് ഞാൻ രാജിവയ്ക്കുന്നു എന്ന് പറയാനിടയായ സാഹചര്യം അസാധാരണത്തിൽ അസാധാരണമാണ്. കേരള നിയമസഭയിൽ അങ്ങനെയുള്ള സന്ദർഭം ഉണ്ടായിട്ടില്ല. ഉണ്ടാകാൻ സാധ്യതയില്ല. ശ്രീ. കെ.പി. വിശ്വനാഥൻ രാജിവയ്ക്കാനുണ്ടായ കാരണം ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു. ഞാൻ ആവർത്തിക്കുന്നില്ല. നിഷ്പക്ഷനിൽ നിഷ്പക്ഷനാണ് ജസ്റ്റിസ് പത്മനാഭൻ നായർ എന്ന് പറയുന്നതിൽ ആർക്കെങ്കിലും ആക്ഷേപം പറയാൻ

പറ്റുമോ? ജസ്റ്റിസ് പത്മനാഭൻ നായരുടെ ഒപ്പീനിയൻ ഞങ്ങൾ ചോദിച്ചു. ജസ്റ്റിസ് പത്മനാഭൻ നായരുടെ ഒപ്പീനിയനിൽ അദ്ദേഹം പറയുന്നത്; "In view of the finality of the discharge order, Shri P.J. Kurian cannot be directed to face trial for the very same offence again with the same mateirals. In view of the factual position it is not just and proper for the Government to order further investigation in this case." ഇത് ജസ്റ്റിസ് പത്മനാഭൻ നായർ പറഞ്ഞതാണ്. ജസ്റ്റിസ് പത്മനാഭൻ നായർ, ശ്രീ. ടി. ആസഫ് അലി, ലാ സെക്രട്ടറി തുടങ്ങിയവരെല്ലാം പറയുന്നു. ഞങ്ങൾക്ക് കിട്ടാൻ കഴിയുന്ന എല്ലാ ലീഗൽ ഒപ്പീനിയനും ഞങ്ങൾ ചോദിച്ചു. ഞങ്ങൾക്ക് ഇക്കാര്യത്തിൽ അടഞ്ഞ മനസ്സേയില്ല. അവിടെയാണ് ഞാൻ പറയുന്നത് ഇനി ഈ ലീഗൽ ഒപ്പീനിയൻ അനുസരിച്ച് ഗവൺമെന്റിന് പോകാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. പ്രതിപക്ഷത്തിന് ഒരു കാര്യം ചെയ്യാം. അവർക്ക് കോടതിയെ സമീപിക്കാം. കോടതിയെ സമീപിച്ച് അവിടെനിന്നേ നീതി കിട്ടുകയുള്ളുവെങ്കിൽ അവിടെ പൊയ്ക്കോളൂ. അതേസമയം നിയമപരമായ നടപടിയല്ലേ ഗവൺമെന്റിന് ചെയ്യാൻ കഴിയൂ? നിയമപരമായ നടപടിയെടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ സി.ആർ.പി.സി.-യ്ക്കകത്ത് പുതിയ ഓർഡിനൻസിനെക്കുറിച്ച് പറഞ്ഞു. പുതിയ ഓർഡിനൻസ് റെട്രോസ്പെക്ടീവ് ഇഫക്ടിൽ നടപ്പിലാക്കാൻ പറ്റുമോ? പൂർവ്വകാല പ്രാബല്യത്തോടുകൂടി ഒരു കേസ് വിസ്താരത്തിൽ നടക്കുമ്പോൾ law of the land ആയി ആ സമയത്ത് at the point of time ഫോഴ്സിലുള്ള ഒരു നിയമം അനുസരിച്ചല്ലേ കാര്യങ്ങൾ കൊണ്ടുപോകാൻ പറ്റുകയുള്ളൂ. അതിന്

മുൻകാല പ്രാബല്യത്തോടുകൂടി വിധിക്ക് വിധേയരാകണമെന്ന് പറഞ്ഞാൽ ഇന്ത്യയിൽ ആർക്കെങ്കിലും രക്ഷയുണ്ടോ? എല്ലാവരും പിന്നെ പോകണം. നിയമം മാറുന്നതനുസരിച്ച് വീണ്ടും വീണ്ടും റിപ്പീറ്റഡായി വിധിക്ക് പോകേണ്ടിവരും. ആ ഓർഡിനൻസിൽ രണ്ട് ഭേദഗതിയാണുള്ളത്. 114(എ) എന്നുള്ളത് എവിഡൻസ് ആക്ടിനകത്താണ് വരുന്നത്, അത് നമ്മുടെ സി. ആർ.പി.സി.-യ്ക്കകത്തെ മാറ്റമല്ല. എവിഡൻസ് ആക്ടിനകത്തുള്ള ചെയ്ഞ്ച് എന്താണ്? അതിലെ ചെയ്ഞ്ച്, ഇങ്ങനെ ഒരു സംഭവം ഉണ്ടായിക്കഴിഞ്ഞാൽ ആ സംഭവത്തിൽ നമ്മൾ അപ്രീഷിയേറ്റ് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? 114 എന്ന് പറയുന്ന ഈ വകുപ്പനുസരിച്ച് രണ്ട് പ്രധാന പ്പെട്ട ചെയ്ഞ്ച് വരുന്നുണ്ട്. ബലാൽസംഗം ഉണ്ടായി എന്നുള്ളതിന്, അതിൽ 'പെൺകുട്ടി' എന്നുണ്ടായിരുന്ന നാമകരണം 'വിക്ടിം' എന്ന് മാറ്റി. 'വിക്ടിം' ആയപ്പോൾ ആണുമാകാം പെണ്ണുമാകാം. രണ്ടിൽ ആര് വേണമെങ്കിലും ആകാം. 'വിക്ടിം' എന്നൊരു ചെയ്ഞ്ച് അതിനകത്ത് കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. സാജു പോൾ : ഈ പെൺകുട്ടി ശ്രീ. പി. ജെ. കുര്യനെ ബലാൽസംഗം ചെയ്തുവെന്നാണോ പറഞ്ഞത്?

മി. സ്പീക്കർ : അതൊന്നും ശ്രദ്ധിക്കണ്ട. ഇടയ്ക്ക് ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കും. അതൊന്നും ആരും ശ്രദ്ധിക്കണ്ട കാര്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആ പറഞ്ഞത് ഈ മൈക്ക് ഉണ്ടെ ങ്കിലും പുറത്ത് എല്ലാവരും കേൾക്കില്ല. എല്ലാവരും കേൾക്കട്ടേ. നമ്മുടെ സാജുപോൾ എന്താണെന്ന് ഈ നാട്ടുകാർ അറിയട്ടേ. അതിനാണ് ഞാൻ നിറുത്തിയത്. അങ്ങുമായി തർക്കിക്കാൻ ഞാനില്ല. ഞാൻ സ്പീക്കർ അനുവ ദിച്ചതുകൊണ്ട് സ്പീക്കറോട് സംസാരിക്കുകയാണ്. അങ്ങയോട് ഞാൻ

സംസാരിക്കില്ല. ഇവിടെ പുതിയ ഓർഡിനൻസ് പ്രകാരം 3-2-2013-ൽ ബലാൽസംഗം എന്നുള്ളത് മാറ്റി ലൈംഗിക കുറ്റകൃത്യം എന്നാക്കി. അത് എവിഡൻസ് ആക്ടിനകത്ത് വന്ന മാറ്റമാണ്. അത് റിട്രോസ്പെക്ടീവ് ഇഫക്ടിൽ നമുക്ക് നടപ്പാക്കാൻ കഴിയില്ല. 'സ്ത്രീ' എന്നുള്ളതിന് പകരം' വിക്ടിം ' എന്ന് ചെയ്ഞ്ച് ചെയ്തു. വിക്ടിം എന്ന് പറഞ്ഞാൽ അത് ഒരു വ്യക്തിയായി മാറുകയാണ്. പേഴ്സണലായി മാറുകയാണ്. ശ്രീ. സാജു പോൾ ചോദിച്ച ചോദ്യം ഇന്ത്യൻ പാർലമെന്റിൽ ചോദിക്കേണ്ടതാണ്. അദ്ദേഹത്തിന് അങ്ങനെ ഒരു അവസരം കിട്ടുമെങ്കിൽ കിട്ടട്ടേയെന്നുള്ളതാണ് എന്റെ പ്രാർത്ഥന. ഇത് ഇന്ത്യാഗവൺമെന്റ് കൊണ്ടുവന്ന രണ്ട് അമെന്റ്മെന്റുകളാണ്. ഒരു നിയമത്തിലും കടുകിട മാറാൻ ഞങ്ങൾക്ക് അവകാശമില്ല, ഞങ്ങൾ മാറുകയുമില്ല. അതുകൊണ്ട് ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളു. ഇവിടെ സി.ആർ.പി.സി. വ്യവസ്ഥയിലെ 300(5), ഞാൻ ആ ഭാഗം മാത്രം ഒന്ന് ഓർമ്മയ്ക്കുവേണ്ടി വായിക്കാം.. 300(5)-നകത്ത്; a person discharged under section 258 shall not be tried again for the same offence except with the consent of the court by which he was discharged or of any other court to which the the first mentioned court is subordinate. ഇവിടെ ഒറ്റ കാര്യമേയുള്ളു. ഞാൻ ആദ്യം പറഞ്ഞ അതേ പോയിന്റാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് വഴങ്ങിത്തരാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിക്കാതെ ഞാൻ വഴങ്ങില്ല.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് വഴങ്ങണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്നോട് ചോദിക്കേണ്ടതില്ല. ബഹിമാനപ്പെട്ട സ്പീക്കറോട് ചോദിച്ചോളൂ. അദ്ദേഹം സമ്മതിക്കാതെ ഞാൻ വഴങ്ങുന്ന പ്രശ്നമില്ല. ഒരു കാര്യം ഞാൻ പറയാം. ഈ കേസ്സുമായി ബന്ധപ്പെട്ട് ഏത് ചോദ്യം ചോദിക്കുന്നതിലും എനിക്ക് ഒരു വിരോധവുമില്ല; ഒരു തടസ്സവുമില്ല. നിയമത്തിനകത്ത് നിന്നുകൊണ്ടുള്ള കാര്യം മാത്രമേ ഞങ്ങൾ പറയുന്നുള്ളൂ. A person discharged under Section 25(58) shall not be tried again for the same offence except with the consent of the Court. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കോടതിയുടെ അംഗീകാരമില്ലാതെ....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ...........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ...........

മി. സ്പീക്കർ: അവതരിപ്പിച്ച ആൾ സംസാരിക്കൂ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങ് നിയമസഭയെ ഒരു കോടതിയാക്കി വക്കീലിന്റെ പ്രാഗല്ഭ്യത്തോടെ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, 173(8) പ്രകാരം തുടരന്വേഷണം നടത്താൻ നിയമോപദേശം ആവശ്യമുണ്ടോ; രണ്ടാമത്തെ കാര്യം, ഓർഡിനൻസ് മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ കഴിയില്ലെന്നാണ്

അങ്ങ് പറഞ്ഞത്. പക്ഷേ ഓർഡിനൻസിന്റെ അന്ത:സത്ത നിങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ എന്നാണ് ചോദ്യം; പ്രസിഡന്റ് ഒപ്പുവച്ച ഓർഡിനൻസിന്റെ അന്ത:സത്ത നിങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, This ordinance will come in force at once എന്നു പറഞ്ഞാൽപ്പിന്നെ എന്ത് അന്ത:സത്തയാണ്. ഞാൻ പറഞ്ഞതാണ് അതിന്റെ അന്ത:സത്ത, അതാണ് prospective effect. അത് retrospective effect-ൽ അല്ല. ഓർഡിനൻസ് വായിച്ചാൽ മതി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സി.ആർ.പി.സി. സെക്ഷൻ 300-നെക്കുറിച്ച് പറയുകയുണ്ടായി. ഇവിടെ ശ്രീ. പി. ജെ. കുര്യൻ ഡിസ്ചാർജ് ചെയ്യപ്പെട്ടിരിക്കുന്ന ഒരു പ്രതിയാണെന്നാണ് പറയുന്നത്. സെക്ഷൻ 300-ന്റെ എക്സ്പ്ലനേഷൻ നോട്ടിൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യം, The dismissal of a complaint or discharge of the accused is not an acquittal for the purpose of this section എന്നാണ്. ഡിസ്ചാർജ് എന്നു പറയുന്നതിന് അക്വിറ്റൽ എന്നു പറയുന്നതിന്റെ പർപ്പസ് ഉപയോഗിക്കാൻ കഴിയില്ലെന്ന് വ്യക്തമായി നിയമത്തിൽ പറഞ്ഞിരിക്കെ സെക്ഷൻ 300 വച്ച് എന്തടിസ്ഥാനത്തിലാണ് അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് എന്റെ അടുത്ത സുഹൃത്താണ്. അങ്ങയുമായി പേഴ്സണലായി തർക്കിക്കാൻ ഞാനില്ല. .....(ബഹളം)....

മി. സ്പീക്കർ: യെസ്.... പ്ലീസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് വൈൻഡ്അപ് ചെയ്യൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അദ്ദേഹത്തിന് വഴങ്ങിയത് ഒരു പാപമാണോ? ഇവിടെ പ്രശ്നം സെക്ഷൻ 300 അല്ല, 300(5) അദ്ദേഹം വായിക്കണം. അതാണ് ഞാൻ വായിക്കുന്നത്. 300(5) A person discharge under section 258 shall not be tried again for the same offence except with the consent of the Court by which he was discharged. അദ്ദേഹത്തെ ഡിസ്ചാർജ് ചെയ്തത് സുപ്രീംകോടതിയാണ്. സുപ്രീംകോടതിയുടെ കൺസെന്റോടുകൂടിയല്ലേ ചെയ്യാൻ കഴിയൂ? അല്ലെങ്കിൽ താഴെയുള്ള ഏതെങ്കിലും കോടതിയുടെ കൺസെന്റോടുകൂടിയേ ചെയ്യാൻ കഴിയൂ. അങ്ങ് സെക്ഷൻ 300-ന്റെ എക്സ്പ്ലനറി നോട്ടാണ് വായിച്ചത്. സെക്ഷൻ 300(5)-നെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ..........

മി. സ്പീക്കർ: മിനിസ്റ്റർ, അങ്ങ് വൈൻഡ് അപ് ചെയ്യൂ. അങ്ങ് ഒരിക്കൽ വഴങ്ങിയതാണ്. അടിയന്തിരപ്രമേയ ചർച്ചയ്ക്ക് മന്ത്രി മറുപടി പറയുകയാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതുപോലെ അങ്ങോട്ടുമിങ്ങോട്ടും ആർഗ്യൂ ചെയ്യാൻ ഇത് കോടതിയല്ല. അങ്ങ് എഴുന്നേറ്റപ്പോൾ ഒരിക്കൽ വഴങ്ങാൻ പറഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതിത്തന്ന കത്തിന്റെ ഒറിജിനൽ എന്റെ കൈവശമുണ്ട്. അതിനകത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യം ചെയ്യണമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. സുപ്രീം കോടതിയുടെ നിരീക്ഷണത്തിലും അവരുടെ നേരത്തെയുള്ള കണ്ടെത്തലിലും അതോടൊപ്പം ഭരണഘടനയ്ക്കകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങളിലും

സി.ആർ.പി.സി. വ്യവസ്ഥ 300(5) അനുസരിച്ചും നമുക്ക് ചെയ്യാൻ കഴിയുന്നതിൽ ലിമിറ്റുണ്ട്. അതോടൊപ്പംതന്നെ നമുക്ക് കിട്ടിയ ലീഗൽ ഒപ്പിനിയനുകളുമുണ്ട്. മൂന്ന് ലീഗൽ ഒപ്പിനിയൻ ഞങ്ങളുടെ കൈവശമുണ്ട്. അതിലൊന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റേതാണ്, അതോടൊപ്പം ജസ്റ്റിസ് പത്മനാഭൻ നായരുടെയും ലാ സെക്രട്ടറിയുടെയും ലീഗൽ ഒപ്പിനിയനുണ്ട്. കേരള ഗവൺമെന്റ് ഏത് ലീഗൽ ഒപ്പിനിയനാണ് ഈ സഭയിൽ വയ്ക്കേണ്ടത്. ഈ അതിന്റെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. എന്റെ സ്നേഹിതൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നെക്കുറിച്ച് പേഴ്സണലായി പറഞ്ഞ കാര്യത്തിൽ അദ്ദേഹത്തോട് ദൈവം ക്ഷമിക്കട്ടെ എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ സഭ തുടങ്ങി, ചർച്ച ആരംഭിച്ച ദിവസം മുതൽ എല്ലാ ദിവസവും ഒന്നുകിൽ അടിയന്തിര പ്രമേയം അല്ലെങ്കിൽ സബ്മിഷൻ എന്ന രീതിയിൽ ഈ പ്രശ്നം ഇവിടെ വന്നിട്ടുള്ളതാണ്. ആ കാര്യത്തിൽ അങ്ങ് സ്വീകരിച്ച ഉദാരമായ സമീപനത്തെ ഗവൺമെന്റ് സ്വാഗതം ചെയ്യുകയാണ്. കാരണം, ഏത് കാര്യവും സഭയിൽ ചർച്ചയ്ക്ക് വരണമെന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. നിശ്ചയമായും ഈ ചർച്ച ഗവൺമെന്റിന് പ്രയോജനം ചെയ്യും. ഇപ്പോൾത്തന്നെ ശ്രീ. ടി. ആസഫ് അലിയുടെ ലീഗൽ ഒപ്പിനിയൻ ചോദ്യം ചെയ്യുന്ന സ്വരത്തിൽ ഇവിടെ ചർച്ച വന്നു. ആ കാര്യം ഞങ്ങൾ ആലോചിച്ചതാണ്, ഇതിനെന്താണ് മാർഗ്ഗമെന്ന് ഞങ്ങൾ ലാ സെക്രട്ടറിയോട് ചോദിച്ചു. പക്ഷേ മുഖ്യമന്ത്രി ഒരു അഭിപ്രായം പറഞ്ഞതിനപ്പുറത്തേയ്ക്ക് ഗവൺമെന്റുമായി ബന്ധപ്പെട്ട ആരെങ്കിലും പറയുമോ എന്നു

പറഞ്ഞപ്പോഴാണ് ജസ്റ്റിസ് പത്മനാഭൻ നായരുടെ ഒപ്പിനിയനും ചോദിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ഈ പ്രശ്നങ്ങളെല്ലാം ഇവിടെ വന്നിരിക്കുന്നത് സുപ്രീംകോടതിയുടെ പുതിയ വിധിയുടെ അടിസ്ഥാനത്തിലാണ്. ആ പുതിയ വിധി ശ്രീ. പത്മനാഭൻ നായരുടെ സന്ദർഭോചിതമായ ഇടപെടലും സംസ്ഥാന ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച വാദഗതികളും അംഗീകരിച്ചുകൊണ്ടാണെന്ന് ഇവിടത്തെ എല്ലാ മാധ്യമങ്ങളും എഴുതിയതാണ്. അദ്ദേഹത്തെ നിയോഗിക്കുന്നതിന് മുമ്പ് ആഭ്യന്തര വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കുകയും ചെയ്തു. അദ്ദേഹം രാഷ്ട്രീയമുള്ള ആളാണോ? ഇതിനപ്പുറത്ത് ഒരു ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയും? അഡ്വക്കേറ്റ് ജനറലിനോടോ ഡി.ജി.പി.-യോടോ അഭിപ്രായം ചോദിക്കാതിരിക്കാൻ കഴിയില്ല. എ.ജി. സ്വയം മാറിയതുകൊണ്ട് ഡി.ജി.പി.-യോട് ചോദിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയം പറഞ്ഞത് ശരിയാണ്, അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ ലാ സെക്രട്ടറിയുടെ അഭിപ്രായം കൂടി തേടിയത്. അത് ഗവൺമെന്റിന്റെ ലാ സെക്രട്ടറിയുടേതായതുകൊണ്ട് അതിനുള്ള വിശ്വസനീയത ചോദ്യം ചെയ്യുമെന്ന് കണ്ടതുകൊണ്ടാണ് ജസ്റ്റിസ് പത്മനാഭൻ നായരുടെ ലീഗൽ ഒപ്പിനിയൻ തേടിയത്. ഒരു ഗവൺമെന്റിന് നിയമപ്രകാരമല്ലാതെ പ്രവർത്തിക്കാൻ കഴിയുമോ? ഇതല്ലേ നിങ്ങളും ചെയ്തത്? പതിനേഴ് കൊല്ലത്തിൽ പത്തു കൊല്ലവും നിങ്ങൾ അധികാരത്തിലായിരുന്നു, അന്ന് എം.കെ. ദാമോദരനെ ആരാണ് നിയോഗിച്ചത്; അദ്ദേഹത്തിന് രാഷ്ട്രീയമുണ്ടായിരുന്നില്ലേ; അദ്ദേഹം എന്താണ് പറഞ്ഞത്? ശ്രീ. പി. ജി. തമ്പി, ഹരിപ്പാട് നിന്ന് സി.പി.ഐ. സ്ഥാനാർത്ഥിയായി മത്സരിച്ച ആളാണ്. അദ്ദേഹം എന്താണ് പറഞ്ഞത്? ഒരു സ്ഥാനത്തിരിക്കുമ്പോൾ നിയമാനുസൃതമായേ പ്രവർത്തിക്കാൻ സാധിക്കൂ. പത്തുകൊല്ലക്കാലം അധികാര

ത്തിലിരുന്നപ്പോൾ നിങ്ങൾ നിയോഗിച്ച എ.ജി.-യും ഡി.ജി.പി.-യും ഉദ്യോഗ സ്ഥരുമൊക്കെ പരിശോധിച്ചിട്ട് നടക്കാത്ത ഒരു കാര്യം ഞങ്ങളെക്കൊണ്ട് ചെയ്യിക്കാൻ ശ്രമിക്കുന്നത് ശരിയാണോ? നിങ്ങൾ തന്നെ അതൊന്ന് ചിന്തി ച്ചുനോക്കൂ. ശ്രീ. ടി. ആസഫ് അലിയുടേത് അവസാന വാക്കാണോ എന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചോദിച്ചു. അല്ല, മുഖ്യമന്ത്രിയുടെയും ആഭ്യന്തര മന്ത്രിയുടെയും വാക്ക് അവസാന വാക്കല്ല, അതിന് കോടതിയുണ്ട്. കോടതി യിൽ പറയട്ടെ. എന്തുകൊണ്ട് ഗവൺമെന്റ് പോകുന്നില്ല, ഗവൺമെന്റിന് പോകണമെങ്കിൽ ഒരു ലീഗൽ ഫുട്ടിംഗ് വേണ്ടതല്ലേ. അതാണ് ഞങ്ങൾ ചോദി ച്ചത്. ഈ അഭിപ്രായങ്ങളൊക്കെ തേടുന്നത് ഗവൺമെന്റിന്റെ മുമ്പിൽ മറ്റേതെ ങ്കിലും മാർഗ്ഗങ്ങളുണ്ടോ എന്ന് നോക്കുന്നതിനാണ്. ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത് ഈ നിലപാടാണ്. അതാണ് ഇവിടെ വ്യക്തമാക്കിയത്. ചർച്ചയ്ക്ക് ഞങ്ങൾ മടിക്കുന്നില്ല. നിയമത്തിനുള്ളിൽ നിന്നുകൊണ്ടുള്ള നടപടിക്ക് ഞങ്ങൾ തയ്യാ റാണ്. പക്ഷേ, പത്തു വർഷക്കാലം കിട്ടിയിട്ടും അവസരങ്ങളെല്ലാം വിനിയോ ഗിച്ചിട്ടും നിങ്ങൾക്ക് ചെയ്യാൻ പറ്റാതിരുന്ന കാര്യം ഞങ്ങളുടെ മേൽ അടി ച്ചേൽപ്പിക്കുന്നതിന് ശ്രമിച്ചാൽ അതിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലീഗൽ ഒപ്പിനിയൻ കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. ടി. ആസഫ് അലി, ജസ്റ്റിസ് പത്മനാ ഭൻ നായർ, ലാ സെക്രട്ടറി എന്നിവരുടെ ലീഗൽ ഒപ്പിനിയനുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിൽ എന്താണ് സംശയം. മൂന്ന് ലീഗൽ ഒപ്പിനിയനും മേശപ്പുറത്ത് വയ്ക്കുന്നതാണ്. കാരണം, ഇത് ആർക്കെങ്കിലും ഒളിച്ചുവയ്ക്കാൻ കഴിയുന്ന കാര്യമാണോ, ഇതിലെന്തെങ്കിലും ഒളിച്ചുവ

യ്ക്കേണ്ട കാര്യമുണ്ടോ? ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. മൂന്ന് ലീഗൽ ഒപ്പിനിയനുകളും നിങ്ങൾ പരിശോധിച്ച്, കൺസൾട്ട് ചെയ്യാവുന്ന അഡ്വക്കേറ്റുമാരുമായി ആലോചിച്ചിട്ട് നിങ്ങളുടെ അഭിപ്രായം ഞങ്ങളെ അറിയിക്കാമോ? ഈ സഭ യിൽ അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് ഗവൺമെന്റ് ചെയ്യാൻ പോകുന്ന നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ച ഇവിടെ നടന്നില്ല, സപ്ലിമെന്ററി ഡിമാന്റ്സിനെക്കുറിച്ചുള്ള ചർച്ച ഇവിടെ നടന്നില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സപ്ലിമെന്ററി ഡിമാന്റ്സിന്റെ ചർച്ച വേണ്ടെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട അങ്ങാണ് ഇവിടെ പ്രമേയം അവതരിപ്പി ച്ചത്, അല്ലാതെ ഞങ്ങളാണോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: രണ്ട് വനിതാമെമ്പർമാരെ നടുത്തളത്തിൽ ഇരുത്തി യതിനുശേഷം ചർച്ച ചെയ്യണമെന്ന് പറഞ്ഞാൽ നിങ്ങളെപോലെയുള്ള ഹൃദയ കാഠിന്യം ഞങ്ങൾക്കില്ല. അതുകൊണ്ടാണ്. അവർ പുറത്തിരുന്നാൽപോലും നമുക്ക് വേണമെങ്കിൽ ചർച്ച നടത്താം. ഇതിന് ഒരു ഫൈനാലിറ്റി ഇതു കൊണ്ടുണ്ടാകണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ആ രണ്ട് വനിതാ എം.എൽ.എ.-മാരെ ഇവിടെ ഇരുത്തി സഭ നടത്താൻ അത്ര കഠിനഹൃദയരല്ല എന്നു അങ്ങ് പറഞ്ഞു. ആ വനിതാ എം.എൽ.എ.-യെ ആണ് അടിച്ച് കൈ പൊട്ടിച്ചത്. അങ്ങയുടെ ഗവൺമെന്റല്ലേ അത് ചെയ്തത്? വനിതാ എം.എൽ.എ. ആയ ശ്രീമതി ഗീതാ ഗോപിയെ വസ്ത്രാക്ഷേപം ചെയ്തു. അതിന്റെ പേരിൽ ഒരു നടപടിയും എടുക്കാത്ത അങ്ങേയ്ക്ക് ഇത് പറയാൻ എന്താണ് അർഹത?

ശ്രീ. ഉമ്മൻ ചാണ്ടി: അതിനെക്കുറിച്ചുള്ള വിഷ്വൽസ് കാണാൻ നിങ്ങളെ വിളിച്ചിട്ട് നിങ്ങൾ വരാൻ തയ്യാറായില്ല. ഞങ്ങൾ ആ റിപ്പോർട്ടെല്ലാം പരിശോധിച്ചതിനുശേഷം അതിനകത്ത് ആരെങ്കിലും ഒരു പൊതു പ്രവർത്തകയോട് അപമര്യാദയായി പ്രവർത്തിച്ചിട്ടുള്ളത് സംബന്ധിച്ച് ഒരാളെ ഐഡന്റിഫൈ ചെയ്യാൻ സാധിക്കുന്നില്ല. ആ സാഹചര്യത്തിലാണ് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത്. ഞങ്ങൾക്ക് ചെയ്യാവുന്നതെല്ലാം ഞങ്ങൾ ചെയ്യും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർമാരെ അടിച്ച പോലീസുകാരുടെ പേര് പറഞ്ഞില്ല എന്നാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ ഇതുപോലുള്ള പ്രശ്നവുമായി ഇവിടെ വന്നപ്പോൾ അടിച്ച ആളിന്റെ പേരൊന്നും പറഞ്ഞില്ല. ശ്രീ. പ്രതാപൻ തന്നത് ഒരു വിഷ്വൽ ഫോട്ടോ അണ്. ആ ഫോട്ടോയ്ക്കകത്ത് ഒരു പേരും പറഞ്ഞില്ല. അതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റ് ഇത് പരിശോധിച്ച് ഇന്നു തന്നെ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യാൻ അന്നുതന്നെ തൃശൂർ എസ്.പി.-ക്ക് നിർദ്ദേശം കെടുത്തു. തൃശ്ശൂർ എസ്.പി. പരിശോധിച്ചുകൊണ്ട് അന്നുതന്നെ രണ്ടുപേരെയും സസ്പെന്റ് ചെയ്തു. അതുപോലെ ചെയ്യാൻ എന്തുകൊണ്ട് നിർദ്ദേശം കൊടുക്കാൻ അങ്ങ് തയ്യാറായില്ല.?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങനെ കുറ്റം ചെയ്യുന്നത് വച്ചുകൊണ്ടുള്ള ഒരു പേരില്ല, ഉദ്യോഗസ്ഥരോട് ഞങ്ങൾ പറഞ്ഞു. അവർ അന്വേഷിച്ചു. അന്വേഷിച്ചതിനുശേഷം അതിനകത്ത് അങ്ങനെ ഒരു പേര് കണ്ടിട്ടില്ല. ഗവൺമെന്റിന് രക്ഷപ്പെടാൻവേണ്ടി ആരെയെങ്കിലും ബലിയാടാക്കികൊണ്ട്

കയ്യൊഴിയുന്ന ഗവൺമെന്റല്ല ഇത്. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്താം. അതല്ലങ്കിൽ എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് നിങ്ങൾ അംഗീകരിക്കുന്നെങ്കിൽ അതംഗീകരിച്ചുകൊണ്ടുള്ള നടപടികൾ എടുക്കാം. നിയമാനുസൃതമായിട്ടുള്ള കാര്യങ്ങൾ ചെയ്യാമെന്നാണ് പറഞ്ഞത്. ഏതായിരുന്നാലും ശ്രീ. കോടിയേരി *ബാലകൃ*ഷ്ണൻ ഇവിടെ പറഞ്ഞ സാഹചര്യത്തിൽ ഞങ്ങൾ മൂന്ന് റിപ്പോർട്ടും മേശപ്പുറത്തു വയ്ക്കാം. അതൊന്ന് പരിശോധിച്ചതിനുശേഷം ഇത് സംബന്ധിച്ച് ഒരു ഫൈനാലിറ്റി ഉണ്ടാക്കാനായി നിങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചു)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇതു സംബന്ധിച്ച അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുകയെന്നുള്ളത് ഒഴിവാക്കാൻവേണ്ടി ഒട്ടേറെ ന്യായവാദങ്ങൾ നിങ്ങളിവിടെ നടത്തി. ശ്രീ. കുര്യൻ സൂര്യനെല്ലികേസിലെ പെൺകുട്ടിയെ ബലാൽസംഗം ചെയ്തു എന്നുള്ളത് നേരിട്ട് മനസ്സിലാക്കിയ ആളാണ് ശിക്ഷിക്കപ്പെട്ട ശ്രീ. ധർമ്മരാജൻ. ആ ധർമ്മരാജൻ ജാമ്യത്തിലിറങ്ങി പറഞ്ഞത് ഞാനാണ് അദ്ദേഹത്തെ കാറിൽ കൊണ്ടുപോയി കുമിളിയിൽ വിട്ടത് എന്നാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കേസിലെ പ്രതിയുടെ സ്റ്റേറ്റുമെന്റുപോലും, ശിക്ഷിക്കപ്പെട്ട പ്രതിയുടെ സ്റ്റേറ്റുമെന്റ് പോലും വേറെ ഇന്റിപെൻഡന്റ് എവിഡൻസ് ഇല്ലെങ്കിൽ റെലവന്റല്ല എന്ന് എവിഡൻസ് ആക്ടിലുണ്ട്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾ .............(ബഹളം).......ചോദ്യം മാത്രം ചോദിച്ചുകൊണ്ടിരുന്നാൽ മതിയോ; മറുപടി വേണ്ടേ? ശ്രീ. കെ. എം. മാണിയുടെ എവിഡൻസ് ആക്ടൊന്നും ഞാൻ സ്വീകരിക്കുന്നില്ല. അദ്ദേഹത്തിന്റെ ആക്ട് അദ്ദേഹത്തിന്റെ കയ്യിൽ ഇരുന്നോട്ടെ. ഞാൻ പറഞ്ഞുവരുന്നത് ധർമ്മരാജൻ പറഞ്ഞ കാര്യങ്ങൾ അദ്ദേഹം പ്രതിയാണ് എന്നുള്ളതാണ്. അദ്ദേഹം ഈ കുട്ടിയുമായി ബന്ധപ്പെടുകയും ശിക്ഷിക്കപ്പെടുകയും ശിക്ഷിക്കപ്പെട്ടതിനുശേഷം ജാമ്യത്തിൽ ഇറങ്ങിയതിനുശേഷം മുങ്ങുന്നതിന് മുമ്പായി ഞാനാണ് കോണ്ടുപോയി കുമിളിയിൽ ശ്രീ. കുര്യനെ വിട്ടത് എന്നാണ് പറഞ്ഞിട്ടുള്ളത്. ശ്രീ. കുര്യൻ പ്രതിയായിട്ട് വരേണ്ടിവരുമെന്നുള്ളതുകൊണ്ട് നിങ്ങൾ അക്കാര്യം എതിർക്കുകയാണ്. അത് ഞങ്ങൾക്ക് മനസ്സിലാകും. ഇത് സംബന്ധിച്ച് ...

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇതൊക്കെ തന്നെയാണ് പ്രശ്നം. കാരണം, ഇതിൽ ആദ്യത്തെ എവിഡൻസിനകത്ത് ശ്രീ. കുര്യൻ മാരുതി കാറിൽ പോയി എന്നാണ് പറയുന്നത്. ഇപ്പോൾ ധർമ്മരാജൻ പറയുന്നത് അംബാസിഡർ കാറിൽ ഞങ്ങൾ ഒരുമിച്ച് പോയി എന്നാണ്. ഇതുതന്നെയാണ് പ്രശ്നം. (ബഹളം) ..... ഇതുതന്നെയാണ് പ്രശ്നം. ഞങ്ങൾ എന്തു ചെയ്യണം?

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : നിങ്ങളുടെ നിസ്സഹായത എന്തായാലും മനസ്സിലായി. ആരെ രക്ഷിക്കാനാണ്; ശ്രീ. കുര്യനെ രക്ഷിക്കാൻ. ശ്രീ. കുര്യനെ രക്ഷിക്കാൻ ഇതുവരെ ബി.ജെ.പി-യുടെ സെൻട്രൽ ലീഡർഷിപ്പ് നിന്നിരുന്നതാണ്. ഇപ്പോൾ അവരും കൈവെടിഞ്ഞു. ഇപ്പോൾ നിങ്ങൾ മാത്രമേയുള്ളൂ. ശ്രീ. ഉമ്മൻചാണ്ടിയെപോലെ തന്നെ കേന്ദ്രഗവൺമെന്റ് ശ്രീ. പി. സി. ചാക്കോയെ വരെ ഏതോ നിലയിൽ നിങ്ങൾ കൈവശപ്പെടുത്തി.

അതല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നിങ്ങൾക്ക് അനുകൂലമാക്കി. ഇതിൽ രക്ഷയില്ല, ശ്രീ. ചാക്കോ എടുത്തിരിക്കുന്ന പഴയ നിലപാട് എടുക്കരുതെന്നും മാറണം, മാറണം എന്ന് അദ്ദേഹത്തോട് നിങ്ങൾ അഭ്യർത്ഥിച്ചതിന്റെയും അടിസ്ഥാനത്തിൽ നിങ്ങളെല്ലാവരും ഇപ്പോൾ ശ്രീ. കുര്യനെ രക്ഷപ്പെടുത്താൻവേണ്ടി ഒന്നിച്ചുകൂടിയിരിക്കുകയാണ്. പക്ഷേ, ശ്രീ. പി.ജെ. കുര്യൻ യാതൊരു വിചാരണയും നേരിടാതെ കോടതിയിൽ നിന്ന് രക്ഷപ്പെട്ടു എന്ന അടിസ്ഥാനത്തിൽ ഒരു കോടതിയുടെ ഫൈൻഡിംഗ്സുണ്ട്. അതു ശരിയാണ്. പക്ഷേ, വിചാരണ നേരിട്ടിട്ടില്ല. വിചാരണ നേരിട്ടിട്ടാണ് മറ്റെല്ലാ പ്രതികളും ശിക്ഷിക്കപ്പെട്ട് ജയിലിലായത്. ശ്രീ. പി.ജെ. കുര്യനെയും വിചാരണ ചെയ്താൽ കണിശമായും ശ്രീ. കുര്യനും വസ്തുതയുടെ മുന്നിൽ, സത്യത്തിന്റെ മുന്നിൽ നിൽക്കേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. കുര്യനെ രക്ഷിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മാണിസാർ അടക്കമുള്ള യു.ഡി.എഫ്.-ലെ എല്ലാവരും ഒരുമിച്ച് നിന്നേ പറ്റൂ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരുമിച്ച് നിൽക്കുന്നതാണ്. എന്നാൽ രക്ഷയില്ല. കാരണം, കാര്യങ്ങളുടെയും കാറ്റിന്റെയുമൊക്കെ പോക്ക് ശ്രീ. കുര്യനെ വിചാരണയ്ക്ക് വിധേയമാക്കുന്ന നിലയിലാണ്. അതുകൊണ്ട് അവസാനമെങ്കിലും ഒരു പെൺകുട്ടിയെ അപമാനിക്കുകയും അവളുടെ സമ്മതംകൂടാതെ ബലമായി പീഡിപ്പിക്കുകയും ചെയ്തത് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിങ്ങളുടെ നിലപാട് വളരെ വളരെ പിന്തിരിപ്പനാണ്. ആ പ്രശ്നത്തിന്റെ പേരിലാണ് ഇവിടെ രണ്ട് വനിതാ മെമ്പർമാർ ആക്രമണത്തിന് വിധേയരായത്. ആക്രമണത്തിന്റെ സ്വഭാവമെന്താണെന്ന് അവർ ഈ സഭയിൽ വന്ന് വളരെ വിശദമായി പ്രതിപാദിച്ചു. എന്നിട്ടും പോലീസിന്റെ കൊള്ളരുതായ്മ ചോദ്യം ചെയ്യാൻ നിങ്ങൾ തയ്യാറായിട്ടില്ല. അവരിവിടെ വെല്ലിൽ ഇരുന്നു. അതിനുള്ള ബഹു

മാനമായി എന്റെ പ്രിയപ്പെട്ട സ്നേഹിതനായ മുഖ്യമന്ത്രി അവരെ ഇവിടെയിങ്ങനെ ഇരുത്തിക്കൊണ്ട് സഭാനടപടികൾ നടത്തുന്നത് എങ്ങനെ യാണെന്ന് ചോദിച്ചു. അവർ വെള്ളിൽ ഇരുന്നത് എന്തുകൊണ്ടാണ്? അവ രുടെ നേരെ നടത്തിയ അന്യായമായ ആക്രമണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിനാ ലാണ്. ആ കാര്യത്തെ സംബന്ധിച്ച് നിങ്ങളുടെ ശ്രദ്ധക്ഷണിക്കുന്നതിനു വേണ്ടി ഞങ്ങൾ നിരന്തരം ശ്രമിച്ചു. അത് കേൾക്കാൻ നിങ്ങൾ തയ്യാറായിട്ടി ല്ല. സ്ത്രീകളോട് എത്ര മാന്യതയാണ് നിങ്ങൾ കാണിക്കുന്നത്? നിങ്ങളുടെ കോൺഗ്രസ്സ് നേതാക്കന്മാർ കാണിച്ചുകൊണ്ടിരിക്കുന്ന മാന്യത ഒന്നൊന്നായി ശ്രീ. പി. ശ്രീരാമകൃഷ്ണനും മറ്റ് മെമ്പർമാരും പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അവർക്കുണ്ടായിട്ടുള്ള വേദനയിൽ പങ്ക് ചേർന്നുകൊണ്ടാണ് പ്രതിപക്ഷം ഇവിടെ അവരുടെ പ്രശ്നം അവതരിപ്പിച്ചത്. സഹതാപപൂർവ്വം എന്നുള്ളത് പോകട്ടെ, രണ്ട് എം. എൽ.എ-മാരുടെ നേരെ നടന്നിട്ടുള്ള പോലീസിന്റെ കൊള്ളരുതാ യ്മയ്ക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകാതെ അവരെ ഇപ്പോഴും നിങ്ങൾ അപമാനിച്ചിരിക്കുകയാണ്. അവരുടെ പ്രശ്നം ഞങ്ങൾ വിടാൻ പോകുന്നില്ല. സഭയ്ക്കകത്ത് ഇരുന്ന് പ്രതിഷേധിച്ചതുകൊണ്ടാണല്ലോ സഭാനേതാവായ അങ്ങ് ബഹുമാനപ്പെട്ട സ്പീക്കറോട് എല്ലാ ബിസിനസ്സും തീർന്നിരിക്കുന്നു, ഇനിയിപ്പോൾ ഒന്നും നടത്തേണ്ടതില്ല എന്നുപറഞ്ഞതനു സരിച്ച് എല്ലാം പാസ്സാക്കിയതായി സ്പീക്കർ പറയുകയും നിങ്ങൾ പോകു കയും ചെയ്തത്. ആ സ്ഥിതി തുടർന്നാൽ ഇന്നും നിങ്ങൾ അതുതന്നെ ചെയ്യുമെന്നുള്ളതുകൊണ്ട് ഞങ്ങൾ അവരുടെ പ്രശ്നം കണ്ടിന്യൂവസായി കൈകാര്യം ചെയ്യാനുദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇന്ന് സഭയുടെ പുറത്ത് 6

വനിതാ എം.എൽ.എ-മാർ സത്യാഗ്രഹം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അത് നിങ്ങളെ അറിയിക്കുകയാണ്. അവരുടെ നേരെ നടന്ന പോലീസ് അതിക്രമത്തിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതുകൊണ്ട് അതിന് ഉത്തരം കാണുന്നതുവരെ മുന്നോട്ടുപോകാനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയെയും ഗവൺമെന്റിനേയും ഞങ്ങൾ അറിയിക്കുകയാണ്. .........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങിവിടെ പലപ്രാവശ്യം ഈ വിഷയം ഉന്നയിച്ചു. ഞങ്ങൾ സഭയിൽ നൽകിയ ഉറപ്പും നിലനിൽക്കുകയാണ്. ജുഡീഷ്യൽ എൻക്വയറിയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. അങ്ങിപ്പോഴും പറയുന്നത് നടപടിയെടുക്കണം എന്നുതന്നെയാണ്. ഈ ഗവൺമെന്റ് ഒരു ജനാധിപത്യ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ഇതുപോലുള്ള കാര്യത്തിനുനേരെ കണ്ണടച്ചുനില്ക്കുന്ന പ്രശ്നമില്ല. അങ്ങ് ഒരു മിനിട്ട് അനുവദിക്കുമെങ്കിൽ ഈ റിപ്പോർട്ടിന്റെ സാരാംശം വായിക്കാം. 'I direct the District Police Chief, Trivandrum to go into the matter in greater detail and initiate appropriative corrective action..........'എന്ന് അങ്ങുതന്നെ ക്വാട്ട് ചെയ്തിട്ടുള്ള ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കണമെന്നാണ് പറഞ്ഞത്. ഗവൺമെന്റ് ഈ റിപ്പോർട്ട് accept ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടിയെടുക്കുകയും ചെയ്യും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നടപടിയെടുക്കുമോ ഇല്ലയോ എന്നുള്ളത് മനസ്സിലാക്കിയതിനുശേഷം എന്താണ് ചെയ്യേണ്ടത് എന്നുള്ളത്

ഞങ്ങൾ നിശ്ചയിച്ച് നിങ്ങളെ അറിയിക്കും. ഏതായാലും ഈ അടിയന്തരപ്രമേയത്തിന് ശരിയായ രീതിയിലുള്ള സമീപനം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിയമസഭയിൽ നിയമനിർമ്മാണങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. അതിന് അടിസ്ഥാനപരമായ കാരണം ഇൻഡ്യാമഹാരാജ്യം മുഴുവൻ അറിഞ്ഞ സൂര്യനെല്ലി കേസ്സിന്റെ സംഭവങ്ങൾ നിയമസഭയിൽ ഉന്നയിക്കുകയും ശ്രീ. പി.ജെ. കുര്യനെ പ്രതിപ്പട്ടികയിൽ ചേർത്തുകൊണ്ട് പുനരന്വേഷണം നടത്തണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിച്ചതുമാണ്. സഭയിൽ ഉന്നയിച്ച് പരിഹാരമുണ്ടായില്ല, സഭയുടെ പുറത്ത് പ്രക്ഷോഭണങ്ങളുണ്ടായി, അതിനും പരിഹാരമില്ല. ഒരു പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയതിൽ മനംനൊന്ത നിയമസഭയിലെ രണ്ട് വനിതാ എം.എൽ.എ-മാർ ഒരു നിയമലംഘനവും ഒരക്രമവും നടത്താതെ ഈ നിയമസഭാ കവാടത്തിന്റെ വളരെ അകലെ സത്യാഗ്രഹം ചെയ്തതിന് പോലീസ് ഭീകരമായ ആക്രമണമാണ് അവർക്കുനേരെ നടത്തിയത്. അത് നമ്മുടെ നിമയസഭയുടെ ചരിത്രത്തിനേറ്റ കളങ്കമാണ്. എന്ത് അന്വേഷണം നടത്തിയാലും നമ്മുടെ ഒരു സഹോദരിയെ, സഹപ്രവർത്തകയെ, നിയമസഭാ സാമാജികയെ പെരുവഴിയിലിട്ട് തല്ലുകയും നട്ടെല്ലൊടിക്കുകയും താലിപൊട്ടിപ്പോവുകയും ചെയ്ത സംഭവം നിയമസഭയ്ക്കേറ്റ അപമാനമാണ്. രണ്ടാമത്, ഒരു വനിതയുടെ സാരി വലിച്ചഴിച്ച് പ്രകടനം നത്തി പോലീസ് അപമാനിച്ചതല്ലേ? നടപടിയെടുക്കാൻ വേണ്ടിത്തന്നെയാണ്

അവർ ഈ അപമാനമെല്ലാം സഹിച്ചത്. അവർ യാതൊരു തെറ്റും ചെയ്യാത്ത നിരപരാധികളാണ്. രാജ്യത്ത് നടക്കുന്ന ഏതെങ്കിലുമൊരു സാമൂഹ്യപ്രശ്നം ഇവിടെ ഉന്നയിക്കണ്ടേ; ഉന്നയിക്കുന്നത് തെറ്റാണോ; സഭയിൽ പരിഹാരം കണ്ടില്ലെങ്കിൽ സഭയുടെ അകത്തും പുറത്തും സമരം നടത്താമെന്ന് ബഹു മാനപ്പെട്ട ഷിബു ബേബി ജോണിന്റെ പിതാവിന്റെ കാലത്ത് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചതാണ്. അതിന് ജനാധിപത്യത്തിൽ അനുവാദമുണ്ട്. ഞങ്ങൾ ഒരു തെറ്റും ചെയ്തില്ല. നിയമസഭയുടെ നടപടിക്രമങ്ങൾക്ക് തടസ്സമു ണ്ടാക്കിയില്ല. ഇന്നലെ ശാന്തമായി സഭ നടത്താൻ നോക്കിയതാണ്. അതും നടന്നില്ല. ഞങ്ങൾ ഈ സഭ നടത്താൻ നോക്കുമ്പോൾ നിങ്ങൾ ഈ സഭ യിൽനിന്നും ഓടാൻവേണ്ടി നിൽക്കുകയാണ്. നിങ്ങൾ നടപടിയെടുത്തില്ലെ ങ്കിലും....................................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പ്രതിപക്ഷനേതാവ് ഉന്നയിച്ച തുകൊണ്ടാണ് ആദ്യംതന്നെ പറഞ്ഞത്. അങ്ങ് ഈ ആവശ്യം ഉന്നയിച്ചിരു ന്നുവെങ്കിൽ അപ്പോൾത്തന്നെ പറയുമായിരുന്നു. ഗവൺമെന്റിന്റെ നിലപാട് പറഞ്ഞുകഴിഞ്ഞു. ഒന്ന് എ.ഡി.ജി.പി-യുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീക രിക്കുകയാണ്. രണ്ട് അതിന്റെ മേൽ നടപടിയെടുക്കുമെന്നുള്ളതാണ്. ആ ശിക്ഷാ നടപടി എന്താണെന്നുള്ളത് നേരത്തെ പറഞ്ഞു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇതിന്മേൽ നടപടിയെടുക്കാൻ ഇപ്പോഴെ ങ്കിലും സന്നദ്ധമായതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ പോലീ സിന്റെ ഈ അതിക്രമങ്ങൾ ഒഴിവാക്കാമായിരുന്നു. നടപടിയുടെ ഗ്രാവിറ്റി പോലെ ഞങ്ങൾ പ്രതികരിക്കും. ഈ വിഷയം ഇവിടെ അവസാനിക്കുന്നില്ല. സൂര്യനെല്ലിക്കേസിന്റെ പേരിൽ ആരംഭിച്ച സമരത്തിൽ പങ്കെടുത്ത ആളുകളെ അപമാനിച്ചവരുടെ പേരിൽ നടപടിയെടുക്കുന്നതുകൊണ്ട് സൂര്യനെല്ലിക്കേസ്

അവസാനിക്കുന്നില്ല. നിങ്ങളിപ്പോൾ കോടതിയിൽ പോകാൻ പറയുന്നുണ്ട്. ആഭ്യന്തരവകുപ്പുമന്ത്രീ, നിയമസഭയിൽ ഒരു പ്രശ്നം ഉന്നയിച്ചാൽ കോടതി യിൽ പോകാനാണോ പറയുന്നത്? എന്ത് വിചിത്രമായ സമീപനമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദയവായി അങ്ങനെ തെറ്റിദ്ധരി ക്കരുത്. ഞങ്ങൾ എല്ലാ നടപടികളും നിയമവശങ്ങളും നോക്കി. പക്ഷേ ഞങ്ങൾക്ക് ലഭിച്ചിരിക്കുന്ന ലീഗൽ ഒപ്പിനിയൻ ഇതാണ്. ഇനി ഞങ്ങൾ പറ യുന്നത് വിശ്വസിക്കുന്നില്ലെങ്കിൽ അവസാനമായി ഒരു പൊസിഷൻ നോക്കു ന്നതിൽ ഞങ്ങൾക്ക് വിരോധമില്ല എന്നാണ് പറഞ്ഞത്. ആ രീതിയിൽ അങ്ങ് അതിനെ കാണണം.

ശ്രീ. സി. ദിവാകരൻ: സർ, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പാസ്സാക്കിയ, അങ്ങിവിടെ ഉദ്ധരിച്ച ഓർഡിനൻസിലെ സ്റ്റേറ്റ്മെന്റ് എന്താണ്? 'ഇര'-യുടെ മൊഴി മാത്രം മതിയെന്നാണ്. ആ പെൺകുട്ടിയുടെ അപേക്ഷ 17 വർഷമായി നിങ്ങളുടെ കയ്യിലുണ്ട്. ഇപ്പോൾ മുഖ്യമന്ത്രിയുടെ കയ്യിലുണ്ട്. മാനഭംഗ ത്തിന് വിധേയമായ പെൺകുട്ടിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ Suo-motu കേസ്സെടുക്കാം, അതിന് നിയമോപദേശം വേണ്ട എന്നാണ് ഓർഡിനൻസിൽ പറയുന്നത്. പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയതാണോ വലുത്; നിങ്ങളുടെ രാഷ്ട്രീയ നേതാവിനെ സംരക്ഷിക്കുന്നതാണോ വലുത് എന്നുള്ളത് നിങ്ങളുടെ ധർമ്മബോധത്തിന് വിടുകയാണ്. പക്ഷെ ഇന്നല്ലെങ്കിൽ നാളെ ഈ പെൺകുട്ടിയെ മാനഭംഗപ്പെടുത്തിയ പ്രതിപ്പട്ടിക യിൽ ചേരേണ്ടവരെ ചേർത്തേ മതിയാകൂ. അതിനുവേണ്ടി ഏതറ്റംവരെയും ഞങ്ങൾ പോകും. അത് വേറെ വിഷയമാണ്. അതിന് തത്ക്കാലം നിങ്ങ ളുടെ ഉപദേശം ഞങ്ങൾക്കാവശ്യമില്ല. ഞങ്ങളിവിടെ ഉന്നയിച്ചത് നമ്മുടെ

യെല്ലാം കൂടെ പ്രവർത്തിക്കുന്ന രണ്ട് സ്ത്രീകളെ അപമാനിച്ചതിനാണ്. എത്ര വൈകിയാണ് നിങ്ങളിപ്പോൾ ആലോചിക്കാൻ തുടങ്ങുന്നത്. അവർ രണ്ടു പേരും ...............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിങ്ങൾ നീതി ലഭിക്കാൻ ഏതറ്റംവരെയും പോകുമെന്നു പറഞ്ഞു. 10 വർഷക്കാലം നിങ്ങൾ അധികാരത്തിലിരുന്നിട്ട് നിങ്ങൾ ഏതറ്റംവരെ പോയി?

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് അത് അറിഞ്ഞുകൊണ്ട് എന്നോട് ചോദിക്കുകയാണ്. കാരണം 10 വർഷത്തിനിടയിൽ സുപ്രീം കോടതിയിൽ നിന്ന് ഇങ്ങനെയൊരു വിധി വന്നിട്ടില്ല. വിധി വന്നത് ഇപ്പോഴാണ്. ഇത് പുതിയ മെറ്റീരിയലാണ്, പുതിയ സാഹചര്യമാണ്, പുതിയ അന്തരീക്ഷമാണ്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് പറയുന്നത് വിധിയൊന്നുമല്ല. ആ കുട്ടിയുടെ മൊഴിയാണ്. ആ കുട്ടിയുടെ പരാതിയാണ്. ആ കുട്ടിയുടെ പരാതി കഴിഞ്ഞ 17 കൊല്ലമായി ഗവൺമെന്റിന് ഉണ്ട്. അതിൽ 10 കൊല്ലവും നിങ്ങൾ അധികാരത്തിൽ ഇരിക്കുന്ന സമയത്തായിരുന്നു. നിങ്ങൾ നിയോഗിച്ച അഡ്വക്കേറ്റും അങ്ങയുടെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. പി.ജി. തമ്പിയും എല്ലാം പരിശോധിച്ചിട്ടും ഇതിനകത്ത് പ്രതിയാക്കാൻ പറ്റില്ലായെന്ന് പറഞ്ഞതാണ്. അന്ന് എന്താണ് നിങ്ങൾ ഈ വീര്യം കാണിക്കാതിരുന്നത്?

ശ്രീ. സി. ദിവാകരൻ : സർ, നീതിക്കുവേണ്ടി എപ്പോഴാണ് ആളുകൾ മുറവിളികൂട്ടുന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി എത്രയോ കൊല്ലം സമരം ചെയ്തിട്ട് 1947-ൽ അല്ലേ സ്വാതന്ത്ര്യം കിട്ടിയുള്ളു. 1917-ൽ എന്തുകൊണ്ട്

സ്വാതന്ത്ര്യം കിട്ടിയില്ല? അങ്ങനെ ചോദിക്കുന്നതിൽ എന്തെങ്കിലും യുക്തിയുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിങ്ങൾക്ക് നീതിക്ക് വേണ്ടിയുള്ള വിളി വരുന്നത് പ്രതിപക്ഷത്തിരിക്കുമ്പോഴാണ്. അത് മനസ്സിലായി.

ശ്രീ. സി. ദിവാകരൻ: സർ, പ്രതിപക്ഷത്ത് ഇരിക്കുമ്പോഴും ഭരണപക്ഷത്തിരിക്കുമ്പോഴും വരും. നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും മാറിയിരിക്കുന്നവരാണ്. അങ്ങനെ ആക്ഷേപിച്ചിട്ട് കാര്യമില്ല. ഈ മുടന്തൻന്യായമല്ലാതെ വേറെ എന്തെങ്കിലും പറയാനുണ്ടോ? നിങ്ങളുടെ കയ്യിൽ പെറ്റീഷനില്ലേ? നിങ്ങൾക്ക് എടുക്കാമല്ലോ? ഞങ്ങൾ തെറ്റുചെയ്തെങ്കിൽ ആ തെറ്റ് തിരുത്തി നിങ്ങൾക്ക് സമൂഹത്തോട് പറയാമല്ലോ? 10 വർഷം ഇവർ ചെയ്യാത്ത നീതി ഈ പെൺകുട്ടിക്ക് ഞങ്ങൾ ഇതാ കൊടുക്കുന്നു; എന്താണ് നിങ്ങൾ ചെയ്യാത്തത്? നിങ്ങൾ പറയുന്നു ഞങ്ങൾ തെറ്റുചെയ്തുവെന്നാണ്. കാലതാമസം വരുത്തിയതാണ്. അത് നിങ്ങൾക്ക് മറയായോ? നിങ്ങൾക്ക് ഒരു ആയുധമായോ? നിങ്ങൾക്ക് തടി രക്ഷിക്കാനുള്ളതാണ്. അതുപറ്റില്ല. അത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ വാദം വളരെ ബാലിശമായ വാദമാണ്. നിങ്ങൾക്കാണ് ഇപ്പോൾ അധികാരം. നിങ്ങൾക്ക് നീതി ചെയ്യാം. പണ്ട് ചെയ്തില്ലെങ്കിൽ ഇനി ചെയ്യുന്നതുകൊണ്ട് തടസ്സമില്ല. ഒരു കോടതിയും അങ്ങനെയല്ല. നിങ്ങൾക്ക് തന്റേടമായി അത് ചെയ്യാനുള്ള ധൈര്യമുണ്ടാകണം. ഞങ്ങൾ ചെയ്യാത്തത് നിങ്ങൾക്ക് ചെയ്തുകൂടായെന്നില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2007 നവംബർ മാസത്തിൽ അങ്ങ് അടക്കമുള്ള ഒരു ഗവൺമെന്റ് കേരളത്തിലുണ്ട്. അങ്ങ് എന്ന് ഞാൻ പറയില്ല. അത് പേഴ്സണ

ലാണ്. അത് പറയില്ല. അന്ന് ഒരു ഗവൺമെന്റ് ഉണ്ട്. ആ ഗവൺമെന്റ് ഇതിനെക്കുറിച്ചൊന്നും ചെയ്തില്ല. ഒന്നും ചെയ്തില്ല. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്, 2007 നവംബർ മാസത്തിൽ വിധിവന്ന് 4 കൊല്ലക്കാലം കണ്ണടച്ചിരുന്ന ആളുകൾ ഇപ്പോഴാണ് കണ്ണ് തുറക്കുന്നത്. അവിടെയാണ് സംശയം വരുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ഇതെല്ലാം സമഗ്രമായി ചർച്ച ചെയ്യാമായിരുന്നു. നിങ്ങൾ അതിന് അനുവദിച്ചില്ല. ഞങ്ങൾക്ക് ഇനി ഒരുപാട് ചർച്ച ചെയ്യാനുണ്ട്. ഒരുപാട് വാദഗതികൾ കൊണ്ടുവരാനുണ്ട്. ഞങ്ങളുടെ കാലത്ത് ചെയ്യാത്തതുകൊണ്ട് നിങ്ങൾ ചെയ്യില്ലായെന്ന് പറയുന്നത് വളരെ ചെറിയൊരു ന്യായമാണ്. അത് യുക്തിയല്ല; നീതിയല്ല അത്. അതുകൊണ്ട് നിങ്ങൾക്ക് അതൊക്കെ ചെയ്യാം. നിങ്ങൾക്ക് അതിന് ഭൂരിപക്ഷമുണ്ടല്ലോ? നിങ്ങൾ രണ്ടോ മൂന്നോ ആളുകളെ വച്ചാണ് ഞങ്ങളെ കൈകാര്യം ചെയ്യുന്നത്? രണ്ടു വനിതാ എം.എൽ.എ. മാരെ കൈകാര്യം ചെയ്യുവാൻ നിങ്ങൾക്കതിന് ജനങ്ങളുടെ മാൻഡേറ്റ് ഉണ്ടായിട്ടാണോ? രണ്ടു വനിതാ എം. എൽ.എ. മാരോട് കാണിച്ച ശൗര്യം ആ പെൺകുട്ടിയുടെ അപേക്ഷയിൽ എന്തുകൊണ്ട് കാണിച്ചില്ല? അതാണ് ഞാൻ ചോദിക്കുന്നത്? ഞങ്ങൾ പണ്ട് നിങ്ങളുടെ വനിതാ എം.എൽ.എ. മാരെ അടിച്ചിട്ടുണ്ടോ? ഇല്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഉന്നയിച്ചു. ഗവൺമെന്റ് പോസിറ്റീവ് ആയി റിയാക്ട് ചെയ്യുകയും ചെയ്തു. പിന്നേയും അങ്ങ് പറയുന്നതിലെന്താണ് കാര്യം?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പറഞ്ഞല്ലോ. എന്നിട്ട് ഞങ്ങളെ 10 കൊല്ലം ഇവിടെ ചെയ്യാത്ത ഒരു കാര്യം നിങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കണെ

മെന്ന് പറയുന്നത് നിങ്ങൾ അത് ന്യായമാണെങ്കിൽ ചെയ്യണം. അതാണ് ഞങ്ങൾ പറയുന്നത്, ചെയ്തിട്ട് ഞങ്ങളെ കറക്ട് ചെയ്യണം. ഞങ്ങൾ 10 കൊല്ലം ചെയ്തില്ല. തെറ്റാണ്, നിങ്ങൾ ഇതാ ചെയ്യുന്നു. എന്താണ് നിങ്ങൾക്ക് ചെയ്യാൻ ധൈര്യമില്ലാത്തത്? അതുകൊണ്ട് ഇത് എല്ലാവശങ്ങളും ചർച്ചയാകാമായിരുന്നു. ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

മാത്യു റ്റി. തോമസ്: സർ, കഴിഞ്ഞ കുറേ ദിവസങ്ങളായി നിയമസഭയിൽ വസ്തുനിഷ്ഠമായ ചർച്ച ആഗ്രഹിച്ചുകൊണ്ട് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം തന്നെയാണ് ഇന്നു വീണ്ടും വന്നിരിക്കുന്നത്. അത് മറ്റൊരു രൂപത്തിലാണെന്നേയുള്ളൂ. ധർമ്മരാജൻ എന്ന പേര് എന്റെ നാവുകൊണ്ട് ഉച്ചരിക്കുന്നതിൽ എനിക്ക് ലജ്ജയുണ്ട്. പക്ഷേ ബലാത്സംഗ കേസിൽ ശിക്ഷിക്കപ്പെട്ട ഒരു പ്രതി പറയുന്നതിന് നാമൊക്കെ പറയുന്നതിനേക്കാൾ സ്വീകാര്യത ഇന്ന് പൊതുസമൂഹത്തിൽ കിട്ടുന്നൂവെന്നുള്ള വിഷയം നമ്മെ ലജ്ജിപ്പിക്കുന്ന കാര്യമല്ലേ? നാം പറയുന്നതിനേക്കാൾ കൂടുതൽ സ്വീകാര്യത ഒരു ബലാത്സംഗ കേസിൽ വിചാരണ നടത്തി ശിക്ഷിക്കപ്പെട്ട പ്രതി പറയുന്നതിന് നാട്ടിൽ ഇന്നുണ്ട്. നമുക്ക് എന്തൊരു നാണക്കേടാണ്? ഇവിടെ ഒരു കേസിലെ ഡിസ്ചാർജും അക്വിറ്റിനും തമ്മിലുള്ള വ്യത്യാസം പല ആളുകളും മനസ്സിലാക്കുന്നില്ല. പ്രതിയായി ചേർത്ത് കുറ്റപ്പത്രം നൽകി വിചാരണ ചെയ്തതിനു ശേഷം കുറ്റം ചെയ്തിട്ടില്ലായെന്ന് പറഞ്ഞ് വിട്ടയച്ച ഒരാളിനു വേണ്ടിയല്ല ഇപ്പോൾ ഭരണപക്ഷം വാദഗതി ഉന്നയിക്കുന്നത്. ഇവിടെ അനഭിലഷണീയ

മായ പല കാര്യങ്ങളും ഈ ഒരാഴ്ചക്കാലം സഭയിലും പുറത്തും ഉണ്ടായില്ലേ? നിയമസഭയിൽ ഉപധനാഭ്യർത്ഥന ചർച്ച കൂടാതെ പാസ്സാക്കണമെന്ന് ഭരണ പക്ഷം പറയുന്ന ഒരു അവസ്ഥാവിശേഷം - ഒരു കറുത്ത ദിനം - കേരള നിയ മസഭയിൽ ഉണ്ടായിട്ടുണ്ടോ? നിയമം എല്ലാവർക്കും തുല്യമായിരിക്കണമെന്ന ഒരു പൊതുതത്വം ഇന്ന് നാം തമസ്ക്കരിക്കുകയാണ്. പുതിയ തെളിവുകളും വെളിപ്പെടുത്തലുകളുമുണ്ടാകുമ്പോൾ ഏതെല്ലാം കേസിൽ പുനരന്വേഷണ ത്തിന് ഉത്തരവിടുകയും പ്രതിപക്ഷ പ്രവർത്തകരെ ജയിലിൽ അടയ്ക്കു കയും ചെയ്ത ഒരു ഗവൺമെന്റാണ് പുതിയ സാഹചര്യങ്ങളും വെളിപ്പെടു ത്തലുകളുമായി ഇവിടെ വന്നിരിക്കുന്നത്. ഞാൻ മുമ്പേ പറഞ്ഞതുപോലെ, സമൂഹത്തിൽ വെറുക്കപ്പെടേണ്ട ആളുകൾ പറയുന്നതിനുപോലും സ്വീകാര്യത കിട്ടുന്ന തരത്തിലുള്ള വെളിപ്പെടുത്തലുകൾ വന്നുകൊണ്ടിരിക്കു കയാണ്. ആ പുതിയ വെളിപ്പെടുത്തലുകളും പുതിയ സാഹചര്യങ്ങളും പുതിയ നിയമ സംവിധാനങ്ങളുമൊക്കെ വച്ചുകൊണ്ട് നേരത്തെ ഈ കേസിൽ പരിഗണിക്കപ്പെട്ട തെളിവുകളെല്ലാം നിഷ്പ്രഭമായി കഴിഞ്ഞിരിക്കു ന്നൂവെന്ന ഒരു സത്യം കൂടി മനസ്സിലാക്കിക്കൊണ്ട് പുനരന്വേഷണത്തിന് സർക്കാർ തയ്യാറാകേണ്ടതായിരുന്നു. പുതിയ സാഹചര്യം ഉൾക്കൊള്ളുവാൻ ഗവൺമെന്റ് വൈമുഖ്യം കാണിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, സൂര്യനെല്ലിക്കേസിൽ ഇരയായ പെൺകുട്ടിയുടെ പരാതിയിന്മേൽ ശ്രീ. പി.ജെ. കുര്യൻ നാളിതുവരെ ഒരു വിചാരണയും നേരിട്ടിട്ടില്ല. അതിന്മേൽ ഏതെങ്കിലും കോടതിയിൽ നിന്ന് ഒരു വിധി പ്രസ്താവന ഉണ്ടാവുകയും ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് പുനരന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. പെൺകുട്ടി ആദ്യം പറഞ്ഞതുതന്നെ 17 കൊല്ലമായി ആവർത്തിക്കുന്നൂവെന്നാണ് എല്ലാവരിൽ നിന്നുമുണ്ടാകുന്ന ചോദ്യം. പെൺകുട്ടി അതിൽത്തന്നെ ഉറച്ചുനിൽക്കുന്നൂവെന്നതാണ് യഥാർത്ഥത്തിൽ അഭിനന്ദനാർഹമായ മറ്റൊരു കാര്യം. പെൺകുട്ടി ഏതെങ്കിലും പ്രേരണയ്ക്ക് വഴിമാറിയിട്ടുണ്ടോയെന്ന് അറിയുന്നതിനുവേണ്ടിയാണ്. സ്വാഭാവികമായും പല കേസുകളിലും, (മറ്റൊരു കേസായ ഐസ്ക്രീം പാർലർ കേസ്) അതിലൊരു പെൺകുട്ടി മാറിമാറി മൊഴി പറഞ്ഞതുപോലെ ഈ പെൺകുട്ടിയും മാറിമാറി മൊഴി നൽകുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു പരിശ്രമമാണ് പലപ്പോഴും നടത്തിയിട്ടുള്ളത്. പക്ഷേ ആ പെൺകുട്ടി ഉറച്ചുനിന്നിട്ട് 17 കൊല്ലമായി. ആദ്യം പറഞ്ഞതുതന്നെയാണ് ഇപ്പോഴും പറയുന്നത്. ഇതുതന്നെയാണ് ഇപ്പോൾ ശ്രീ. പി.ജെ. കുര്യൻ ഉൾപ്പെടെയുള്ള ആളുകൾ പറയുന്നത്. ആദ്യം പറഞ്ഞതുതന്നെയാണ് ആ പെൺകുട്ടി പറയുന്നത്. മൊഴിമാറ്റി പറയണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അങ്ങനെ മൊഴിമാറ്റി പറഞ്ഞാൽ അവർക്ക് സഹായകരമാകുമല്ലോയെന്ന ഒരു ധാരണയോടുകൂടിയാണ് മൊഴിമാറ്റി പറയാൻ അവർ പ്രേരിപ്പിക്കുന്നത്. ഏതായിരുന്നാലും വളരെ സമഗ്രമായി ചർച്ച ചെയ്യേണ്ട ധാരാളം കാര്യങ്ങളുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)